സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



ക്രമ നം. അയ്യപ്പവാണി - 07/2022
(ഉത്രം പതിപ്പ്)
06 ജൂലൈ 2022
(22 മിഥുനം 1197)
യുഗാബ്ദം 5124

- ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ.
- സനാതന ധർമ്മം – ഗവർണ്ണർ ആർ. എൻ. രവി.
- ഹരിവരാസനം, വ്യാഖ്യാനം: ഡോ.വിശ്വനാഥൻ നമ്പൂതിരി.
- തത്വമസിദർശനം – ഭാഗം 3: ശ്രീ അജിത് നെടുമ്പ്രം.
- അമ്മ പറഞ്ഞ കഥ – അചഞ്ചലമായ ഭക്തി.
- പൈതൃകം – കുമ്പാൾഗഡ് കോട്ട– ലോക മഹാത്ഭുതം
- സുഭാഷിതം – 29
- ഗീതാ ശ്ലോകങ്ങൾ 7–10
- ക്വിസ് – 14
- വാർത്തകൾ


## ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ

ചെന്നൈ, 11 ജൂൺ 2022

**ഹരിവരാസനം ദേശീയ ശതാബ്ദി ആഘോഷസമിതി രൂപീകരിച്ചു. ദേശീയ സമിതി ചെയർമാൻ : പത്മവിഭൂഷൻ ഇസൈജ്ഞാനി ഇളയരാജ, വർക്കിംഗ് ചെയർമാൻ റിട്ട. ജസ്റ്റിസ് ജയചന്ദ്രൻ & ജനറൽ കൺവീനർ :ശ്രീ. ഈറോഡ് എൻ.രാജൻ.**



പത്മവിഭൂഷൻ ഇളയരാജ



റിട്ട. ജസ്റ്റിസ് ജയചന്ദ്രൻ



എൻ.രാജൻ

2022 ജൂൺ 11ന് ചെന്നൈയിൽ വെച്ച് നടന്ന യോഗത്തിൽ, "ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ" ദേശീയ കമ്മിറ്റി ചെയർമാനായി പത്മവിഭൂഷൺ ഇസൈജ്ഞാനി ഇളയരാജ അവർകളും (പ്രശസ്ത സംഗീത സംവിധായകൻ, ഗാന രചയിതാവ്, ഗായകൻ), വർക്കിംഗ് ചെയർമാനായി റിട്ട. ജസ്റ്റിസ് ജയചന്ദ്രൻ അവർകളും നാമനിർദ്ദേശം ചെയ്യപ്പെട്ടു.

സംപൂജ്യ കാഞ്ചി മഠാധിപതി ശ്രീശ്രീ വിജയേന്ദ്ര സരസ്വതി സ്വാമികൾ, കാഞ്ചീപുരം; സംപൂജ്യ മാതാ അമൃതാനന്ദമയി ദേവി (അമ്മ), കൊല്ലം; സംപൂജ്യ ശ്രീശ്രീ വിശ്വപ്രസന്ന തീർഥസ്വാമിജി, പെജാവർ മഠം ഉഡുപ്പി; പത്മവിഭൂഷൺ ഡോ.ഡി.വീരേന്ദ്ര ഹെഗ്ഗഡെ, ധർമ്മസ്ഥല; സംപൂജ്യ സ്വാമി ചിദാനന്ദപുരി, കൊളത്തൂർ അദ്വൈതാശ്രമം, കോഴിക്കോട്; സംപൂജ്യ സ്വാമി മിത്രാനന്ദ, ചിന്മയ മിഷൻ, ചെന്നൈ, തുടങ്ങിയ സ്വാമിജിമാർ, ആത്മീയ നേതാക്കൾ, വിശിഷ്ട വ്യക്തികൾ ഉൾപ്പെടെ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആദരണീയ ആചാര്യന്മാരുടെ രക്ഷാകർതൃത്വത്തിലും മാർഗനിർദേശത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതാകും.

കൂടാതെ, താഴെ കൊടുത്തിരിക്കുന്ന മഹദ് വ്യക്തികൾ വൈസ് ചെയർമാൻമാരായും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്:

1. പത്മഭൂഷൺ ശ്രീമതി. കെ.എസ്. ചിത്ര (പിന്നണിഗായിക)
2. പദ്മശ്രീ ശ്രീ ജയറാം. (ചെന്നൈ, സിനിമാനടൻ)
3. പദ്മശ്രീ ഡോ. കെ.കെ.മുഹമ്മദ് (കേരളം, പുരാവസ്തു ഗവേഷകൻ)
4. പദ്മശ്രീ അജയ് ദേവ്ഗൺ (മുംബൈ, സിനിമാനടൻ)
5. ശ്രീ. എസ്.ഗുരുമൂർത്തി (ചെന്നൈ, മാധ്യമപ്രവർത്തകൻ)
6. ജസ്റ്റിസ്.(റിട്ട.) എൻ.കുമാർ (ബെംഗളൂരു)
7. ശ്രീ. പി.വാസു (ചെന്നൈ, ചലച്ചിത്ര നിർമ്മാതാവ്, സംവിധായകൻ)

8. ഡോ.ജി. നാച്ചിയാർ (മധുര, അരവിന്ദ് കണ്ണാശുപത്രി)
9. ശ്രീ.ടി.ബി.ശേഖർ (കർണാടക, SASS ദേശീയ ചെയർമാൻ)
10. ശ്രീ. വിജി തമ്പി (കേരളം, ചലച്ചിത്ര സംവിധായകൻ)

കൂടാതെ, ഗ്ലോബൽ കമ്മിറ്റിയിൽ ഇനിപ്പറയുന്ന വിശിഷ്ട വ്യക്തികളെയും വൈസ് ചെയർമാൻമാരായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

1. ശ്രീ. അരുൺ മുത്തുസ്വാമി (യു.കെ., സോളിസിറ്റർ)
2. ക്യാപ്റ്റൻ. സനിൽ ഗോപിനാഥ് (യു.എസ്.എ.)
3. ശ്രീ. എം.ഗോപാലകൃഷ്ണൻ (ലണ്ടൻ)
4. ശ്രീ.ജയ് ശങ്കർ ഉണ്ണിത്താൻ (ചെന്നൈ)
5. ശ്രീ.ജയകൃഷ്ണൻ (ദുബായ്)

ആഘോഷസമിതിയുടെ ജനറൽ കൺവീനറായി ശ്രീ. ഈറോഡ് എൻ. രാജനും (കേരളം); ശ്രീ. എസ്.വിനോദ്കുമാർ (കേരളം), ശ്രീ. ദുരൈശങ്കർ (ചെന്നൈ), അഡ്വ.കുമാർ വൈദ്യനാഥൻ (മുംബൈ) എന്നിവരെ ജോയിന്റ് ജനറൽ കൺവീനർമാരായും തീരുമാനിച്ചിരിക്കുന്നു.

ചെന്നൈ 'ശ്രീ വാരു വെങ്കടാചലപതി മണ്ഡപത്തിൽ' വെച്ച് ശബരിമല അയ്യപ്പ സേവാ സമാജം വിവിധ ഹൈന്ദവ, സാമൂഹ്യ സംഘടനകൾക്കൊപ്പം ഇന്ന് സംഘടിപ്പിച്ച മഹത്തായ ഉദ്ഘാടന യോഗത്തിൽ, SASS ദേശീയ ചെയർമാൻ ശ്രീ. ടി. ബി.ശേഖർ അധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട തമിഴ്നാട് ഗവർണർ ശ്രീ. ആർ.എൻ. രവി യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന്, വിശിഷ്ട അതിഥി, തെലങ്കാന – പോണ്ടിച്ചേരി സംസ്ഥാനങ്ങളുടെ ചുമതലയുള്ള ബഹുമാനപ്പെട്ട ഗവർണർ ശ്രീമതി. തമിഴിസൈ സൗന്ദരരാജൻ ആശംസകൾ നേർന്നു.

അനാദികാലം മുതൽ ആയിരക്കണക്കിന് ഋഷീശ്വരന്മാരാൽ പരിപോഷിപ്പിക്കപ്പെട്ട സനാതന ധർമ്മം ജഗത്ഗുരു ആയിരുന്നു വെന്നും, ഇടക്കാലത്ത് നിരന്തരമായ വൈദേശിക അക്രമങ്ങളുടെയും മറ്റും ഫലമായി അല്പം ക്ഷീണം സംഭവിച്ചുവെങ്കിലും, പിന്നീട് പല മഹദ് വ്യക്തികളുടെയും ശ്രമ ഫലമായി ഉണർന്ന് വരുന്നുണ്ടെന്നും ബഹുമാനപ്പെട്ട തമിഴ്നാട് ഗവർണർ ശ്രീ. ആർ.എൻ. രവി വിശദമാക്കി. വ്യക്തമായ ആധ്യാത്മിക അടിത്തറയുള്ള സനാതന ധർമ്മത്തിന്റെ നിലനിൽപ്പും ഉയർച്ചയും, ഭാരതത്തിനു മാത്രമല്ല, ലോക നന്മക്കു തന്നെ അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചു. ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന, 18 മാസം നീണ്ടുനിൽക്കുന്ന ഹരിവരാസനം ആഘോഷ പരിപാടികൾക്ക് ആശംസകൾ നേരുന്ന തോടൊപ്പം, എല്ലാവിധ സഹകരണങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു.

ആത്മീയാചാര്യന്മാരായ, കേരളത്തിൽ നിന്നുള്ള പൂജ്യ സ്വാമി ചിദാനന്ദപുരിജി, ചെന്നൈയിൽ നിന്നുള്ള

പൂജ്യ സ്വാമി മിത്രാനന്ദജി എന്നിവർ ചേർന്ന് ദീപ പ്രജ്വാലനം നടത്തി, അനുഗ്രഹ പ്രഭാഷണങ്ങളും നടത്തുകയുണ്ടായി. ശ്രീ. പി.ജി. ശശികുമാർവർമ്മരാജ (പന്തളം കൊട്ടാരം പ്രസിഡന്റ്), ബ്രഹ്മശ്രീ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി (തന്ത്രവിദ്യാപീഠം, ആലുവ), അഡ്വ. കെ. അനന്തഗോപൻ, (പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്) എന്നിവരും വേദിയിൽ ഉപവിഷ്ടരായിരുന്നു, അനുഗ്രഹ ഭാഷണങ്ങൾ നടത്തി.

ശബരിമലക്കും അയ്യപ്പധർമ്മത്തിനും വേണ്ടി ജീവിതം തന്നെ ഹോമിച്ച, കേരളത്തിന് പുറത്തേക്ക് അയ്യപ്പധർമ്മം പ്രചരിപ്പിച്ച സ്വർഗീയരായ സ്വാമി ചിന്മയാനന്ദ, നവാബ് രാജമാണിക്കം, വിമോചനാനന്ദ സ്വാമി, കമ്പക്കുടി കുഴത്തൂർ അയ്യർ, എം.എൻ.നമ്പ്യാർ, പി.ടി.രാജൻ, 1923ൽ ഹരിവരാസനം രചിച്ച കോന്നകത്ത് ജാനകിയമ്മ മുതലായവരുടെ ഛായാ ചിത്രങ്ങൾ, വേദിയിൽ അയ്യപ്പ വിഗ്രഹത്തിന് ചുറ്റുമായി അലങ്കരിച്ച് വെച്ച് ദീപാരാധന നടത്തിയത് ഏറെ ശ്രദ്ധേയമായി.

ശ്രീ. കുമ്മനം രാജശേഖരൻ (മിസോറാം മുൻ ഗവർണർ),ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ പ്രാധാന്യവും, പ്രസക്തിയും വിശദീകരിച്ചു. SASS ദേശീയ ജനറൽ സെക്രട്ടറി ശ്രീ. ഈറോഡ് രാജൻ, വിശിഷ്ടാതിഥികളെ പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു. തമിഴ്നാട് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ശ്രീ. വി. ജയചന്ദ്രൻ നന്ദി പറഞ്ഞു.

## ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ

ആഘോഷക്കമ്മിറ്റിയുടെ ഔപചാരികമായ പ്രഖ്യാപനശേഷം, കമ്മിറ്റിയുടെ ജനറൽ കൺവീനർ ശ്രീ.എൻ.രാജൻ മാധ്യമങ്ങളെ കാണുകയും ഹരിവരാസനം ആഘോഷ പരിപാടികളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ 2022 ആഗസ്റ്റ് 29-ന് കേരളത്തിലെ പന്തളത്ത് വെച്ച് മഹത്തായ ഒരു പൊതു സമ്മേളനത്തോടെ ആരംഭിച്ച്, 2024 ജനുവരിയിൽ സമാപിക്കും. 18 മാസം നീണ്ടു നിൽക്കുന്ന ആഘോഷ സമയത്ത്, രാജ്യത്തുടനീളമുള്ള വ്യത്യസ്ത പ്രായവിഭാഗങ്ങളിലുള്ള കുട്ടികൾ, യുവതീയുവാക്കൾ എന്നിവർക്കിടയിൽ കലാ, കായിക, സാംസ്കാരിക, ആധ്യാത്മിക വിഷയങ്ങളിൽ മത്സരങ്ങൾ, എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിച്ച് കൊണ്ട് സെമിനാറുകൾ, ആത്മീയ പ്രഭാഷണങ്ങൾ, ധാർമ്മിക ക്ലാസ്സുകൾ, പൊതുസമ്മേളനങ്ങൾ തുടങ്ങിയ, അയ്യപ്പധർമ്മ പ്രചാരണം ലക്ഷ്യമാക്കിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടാതെ, ആഘോഷ കാലത്ത് തുടർച്ചയായ രഥയാത്രകളും രാജ്യത്തുടനീളം ആസൂത്രണം ചെയ്തിരിക്കുന്നു.


ആഗോള, ദേശീയ തലത്തിൽ നടത്തുന്ന പ്രധാന പൊതു പരിപാടികൾ ഇവയാണ്:

* 2022 ആഗസ്റ്റ് 29ന പന്തളത്തു വെച്ച ഒരു മഹാ സമ്മേളനത്തോടെ ആഘോഷ പരിപാടികളുടെ സമാരംഭം കുറിക്കുന്നു.
* 2024 ജനവരിയിൽ, ആഗോളതലത്തിൽ, ഒരു നിശ്ചിത ദിവസം, നിശ്ചിത സമയത്ത് സമർപ്പിക്കപ്പെടുന്ന "സമൂഹ ഹരിവരാസനം പാരായണ യജ്ഞം" – കോടിക്കണക്കിന് ഭക്തർ ക്ഷേത്രങ്ങളിലും ഭജന മണ്ഡലങ്ങളിലും വീടുകളിലുമായി പങ്കെടുക്കുന്നു.
* 2024 ജനവരി 20, 21 തീയതികളിൽ, 2 ദിവസങ്ങളിലായി, രാജ്യത്തിന്റെ പ്രധാനമന്ത്രിയും മറ്റ് പ്രമുഖ വ്യക്തികളും പങ്കെടുക്കുന്ന, തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന "ആഗോള അയ്യപ്പ മഹാസംഗമം".

-----------------------

# സനാതനധർമ്മം

## പ്രഭാഷണം – ബഹു. തമിഴ് നാട് ഗവർണർ ശ്രീ. ആർ എൻ രവി



(ശബരിമല അയ്യപ്പ സേവാ സമാജം സംഘടിപ്പിച്ച ഹരിവരാസനം ശതാബ്ദി ആഘോഷ സമിതിയുടെ ഉദ്ഘാടനസമ്മേളനം – 2022 ജൂൺ 11ന് ചെന്നൈയിലെ ശ്രീവാരു വെങ്കിടാചലപതി ഹാളിൽ)

ബഹു. തമിഴ് നാട് ഗവർണർ ശ്രീ. ആർ എൻ രവി, തികച്ചും ഭാരതീയ സംസ്കാരത്തിന്റെ പതിവ് രീതിയിൽ വേദിയിലും സദസ്സിലുമുള്ള എല്ലാവരോടും വണക്കം പറഞ്ഞ് ആദരവ് പ്രകടിപ്പിച്ചാണ് പ്രസംഗം ആരംഭിച്ചത്.

"1977-ൽ, നാഷണൽ പോലീസ് അക്കാദമിയിലെ പരിശീലനം കഴിഞ്ഞ് കേരളത്തിലെ തിരുവനന്തപുരത്ത് യുവ പോലീസ് ഓഫീസറായി നിയമിതനായപ്പോൾ തുടങ്ങിയതാണ് അയ്യപ്പനുമായുള്ള എന്റെ ബന്ധം. ഞാൻ അയ്യപ്പഭക്തനായ വർഷം. 1977 ഡിസംബറിൽ ശബരിമല തീർഥാടന കാലത്തിന്റെ തുടക്കത്തിലായിരുന്നു അത്. കേരളത്തിലെ മലനിരകളിലും ശബരിമല വനത്തിലും വസിക്കുന്ന അയ്യപ്പനെക്കുറിച്ച് സ്കൂൾ പഠനകാലത്ത് കേട്ടിട്ടുണ്ട്, കൂടുതൽ അറിയാൻ ഉൽസുകനായിരുന്നു.

അതിനാൽ ശബരിമലയിൽ ഡ്യൂട്ടിക്ക് പോകാൻ എന്നെ അനുവദിക്കണമെന്ന് ഞാൻ എന്റെ മുതിർന്ന ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചു. പക്ഷേ, ഭക്ഷണവും പാർപ്പിടവും ഉൾപ്പെടെ അനുകൂലമായ ജീവിതാന്തരീക്ഷം ഇല്ലാത്ത കാട്ടിൽ ഒരു മാസത്തോളം തങ്ങുന്നത് വളരെ ബുദ്ധിമുട്ടാകുമെന്ന് പറഞ്ഞു മുതിർന്ന ഉദ്യോഗസ്ഥർ എന്നെ നിരുത്സാഹപ്പെടുത്തി. എങ്കിലും, ഞാൻ നിർബന്ധിച്ചു, ഞാൻ ശബരിമലയിൽ പോയി ഒരു മാസത്തോളം താമസിച്ചു, അന്നുമുതൽ ആ അനുഭവം എന്നിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഞാൻ കേരളത്തിൽ ഉണ്ടായിരുന്നിടത്തോളം കാലം എല്ലാ വർഷവും ശബരിമല ദർശനം മുടങ്ങാതെ നടത്തിയിരുന്നു. കഠിനമായ കാനനപാതയിൽ തീർഥാടകരെ സഹായിക്കാനും, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനും, വൈദ്യസഹായം ഉൾപ്പെടെ സാധ്യമായ എല്ലാ രീതികളിലും അവരെ സഹായിക്കാനും അന്ന് എനിക്ക് അവസരങ്ങൾ ലഭിച്ചിരുന്നു. ആ നിലയ്ക്ക് 45 വർഷമായി ഞാൻ അയ്യപ്പഭക്തനാണ്.

അയ്യപ്പയോഗങ്ങളിലൂടെ സമൂഹത്തെ ഒന്നിപ്പിക്കാനും, ഹരിവരാസന ഗാനത്തിന്റെ ശതാബ്ദി ആഘോഷിക്കാനുമുള്ള ദൗത്യം ഏറ്റെടുത്ത ശബരിമല അയ്യപ്പസേവാസമാജത്തിന് അഭിനന്ദനങ്ങൾ അറിയിക്കാനും നന്ദി അറിയിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

അയ്യപ്പസേവ രാഷ്ട്രസേവയാണ്, അതിൽ സംശയമില്ല, കാരണം ഈ രാഷ്ട്രം, ഭാരതം, സൃഷ്ടിക്കപ്പെട്ടത് നമ്മുടെ ഋഷിമാരും, ആചാര്യന്മാരാലുമാണ്. അവരാണ് നമ്മുടെ വേദങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സത്യത്തെ വിശദീകരിക്കുകയും, വിപുലീകരിക്കുകയും ചെയ്തത്. അതാണ് ക്രമേണ നമ്മുടെ സനാതന ധർമ്മമായി വികസിച്ചത്. ഈ സനാതന ധർമ്മമാണ് ഭാരതത്തെ നിർമ്മിച്ചത്.

നമ്മുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ സിദ്ധാന്തങ്ങളിലും ആശയങ്ങളിലും, നമ്മുടെ ഋഷിമാർ വിശദീകരിച്ച മൂന്ന് അടിസ്ഥാന സത്യങ്ങൾ ഇവയാണ്:

1. ഒരേയൊരു ദൈവം മാത്രമേയുള്ളൂ – പരമേശ്വരൻ.
2. ഈ "പരമേശ്വരൻ" മുഴുവൻ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു, അതായത്. "സൃഷ്ടിയുടെ ഐക്യം". ദശലക്ഷക്കണക്കിന് സൃഷ്ടികളിൽ, ഒന്നുപോലും മറ്റൊന്നിനെപ്പോലെയല്ല. ഒരു മരത്തിലെ നിരവധി ഇലകളിൽ, രണ്ട് ഇലകൾ പോലും ഒരുപോലെയല്ല, എന്നാൽ എല്ലാ ഇലകളും മരവുമായി ബന്ധപ്പെട്ടിരിക്കുന്നു, മരത്തിനപ്പുറം ഇലകൾക്ക് അസ്തിത്വവുമില്ല. "സർവേ ഭവന്തു സുഖിനഃ, സർവേ സന്തു നിരാമയ, സർവേ ഭദ്രാണി പശ്യന്തു, മാ കശ്ചിത് ദുഃഖ മാപ്നു യാത്" എന്ന് പ്രാർത്ഥിക്കാൻ നമ്മുടെ ഋഷിമാരെ പ്രേരിപ്പിച്ച സൃഷ്ടിയുടെ ഈ ഏകത്വം. – മനുഷ്യൻ മാത്രമല്ല,

എല്ലാ ജീവജാലങ്ങളും സന്തുഷ്ടരായിരിക്കണം, രോഗങ്ങളില്ലാത്തവരായിരിക്കണം. “നാനാത്വത്തിൽ ഏകത്വം” എന്നാണ് ഇതിനർത്ഥം. ഇത് ഭരണ ഘടനാപരമായ ഒരു നിർമ്മിതിയാണെന്ന് ആളുകൾ പലതവണ തെറ്റിദ്ധരിച്ചിട്ടുണ്ട്, പക്ഷെ, വാസ്തവം അതല്ല. ഭരണഘടന ഭരണത്തിനുവേണ്ടിയുള്ളതാണ്, അതിൽ രാഷ്ട്രത്തിന്റെ ആത്മാവിനെ ദർശിക്കാൻ കഴിയില്ല. ഭാരതം ജനിച്ചത്, ഇന്ത്യൻ ഭരണഘടന എഴുതപ്പെടുന്നതിന്, വളരെക്കാലം, ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ്.

മൂന്നാമത്തേത് ... ‘ഏകം സത്, വിപ്രാഃ ബഹുധാഃ വദന്തി” – സത്യം ഒന്നാണ്, ജ്ഞാനികളായ ആളുകൾ അത് പലവിധത്തിൽ പ്രകടിപ്പിക്കുന്നു. ഇതാണ് എല്ലാം ഉൾക്കൊള്ളുന്ന, “വസുധൈവ കുടുംബകം” – പ്രപഞ്ചം ഒരു കുടുംബം. ആയിരക്കണക്കിന്, 8500ഓ അതിലധികമോ വർഷങ്ങൾക്ക് മുമ്പ് നമ്മുടെ ഋഷിമാർക്ക് വെളിപ്പെട്ടതാണ് ഈ പ്രകാശം. ഇത് വെളിപ്പെടുത്തിയത് ഒന്നോ രണ്ടോ ഋഷികളല്ല, ആയിര ക്കണക്കിന് ഋഷികളിലൂടെ, ഒന്നിച്ച്, തലമുറകളിലൂടെ പ്രവഹിച്ച ഈ തിരിച്ചറിവ് ഒരു പ്രകാശമായി പ്രസരിച്ചപ്പോൾ, ഈ യാഥാർത്ഥ്യത്തെ വ്യത്യസ്ത രീതികളിൽ പ്രകടിപ്പിച്ചുകൊണ്ട്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അത് വ്യാപിച്ചു. എന്നാൽ അടിസ്ഥാന പരമായി ഇവയെല്ലാം സനാതന ധർമ്മത്തിൽ നിന്ന് ഉത്ഭവിച്ചതാണ്.

സനാതനം എന്നത് ഒരു “ധർമ്മം” ആണ്, “മതം” അല്ല. അതിനെ ഒരു മതം എന്ന് വിളിക്കുന്നതിൽ എനിക്ക് ശക്തമായ വിയോജിപ്പ് ഉണ്ട്. മതം അനുഷ്ഠാനപരവും, അനുശാസനാപരവും, അടിച്ചേൽപ്പിക്കുന്നതുമാണ്. എന്നാൽ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒന്നാണ് ധർമ്മം. ധർമ്മം ഓരോ വ്യക്തിയെയും, കുടുംബത്തെയും, സമൂഹത്തെയും, രാജ്യത്തെയും, ലോകത്തെയും ഒരുമിച്ച് നിർത്തുന്നു. ധർമ്മത്തിന് ശരിയായ പദം ഇല്ലെങ്കിൽ നമ്മൾ എന്തിനാണ് ‘മതം’ എന്ന വാക്ക് കടമെടുക്കുന്നത്? നാഗരികതയുടെ ബൗദ്ധികമോ ആത്മീയമോ ആയ പരിണാമത്തിന്റെ പ്രതിഫലനമാണ് ഭാഷ. മറ്റുള്ളവർ വരുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ സംസ്കാരം വികസിച്ചു. ധർമ്മത്തിന്റെ അർത്ഥത്തിന് തുല്യമായ ശരിയായ വാക്ക് നൽകാൻ ഇംഗ്ലീഷ് ഭാഷയ്ക്ക് കഴിവില്ല, പിന്നെ എന്തുകൊണ്ട് അതിനെ ധർമ്മം എന്നുതന്നെ വിളിക്കുന്നില്ല. “ധർമ്മം” എന്ന ഈ വാക്ക് മറ്റ് ഭാഷകൾ സ്വീകരിച്ച് ഉൾപ്പെടുത്തട്ടെ.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ്, വേദകാലത്ത് ഈ സനാതന ധർമ്മം, ഈ രാഷ്ട്രം – ഭാരതത്തെ സൃഷ്ടിച്ചു. ആ കാലഘട്ടത്തിൽ ഋഷിമാർ ഉദ്ഘോഷിച്ചു – “ഉത്തരം യത് സമുദ്രസ്യ, ഹിമാദ്രേശ്ചൈവ ദക്ഷിണം, വർഷം തത് ഭാരതം നാമ, ഭാരതീയത്ര സന്തതി”. ‘ഹിമാലയം’ നമ്മൾ ഇപ്പോൾ കാണുന്നതല്ല, കിഴക്ക് അത് ബ്രഹ്മദേശത്തിനപ്പുറം

– ബർമ്മ, തായ് ലാൻഡ് ഭാഗങ്ങളിൽ വ്യാപിച്ച, പടിഞ്ഞാറ് ഹിന്ദുക്കുഷിനപ്പുറം. 'സമുദ്രം' വെറും ഇന്ത്യൻ മഹാസമുദ്രം മാത്രമല്ല, ഭൂപ്രദേശത്തിനു താഴെയുള്ള എല്ലാ സമുദ്രങ്ങളും, അതാണ് പ്രബുദ്ധമായ ഭൂമി – ഭാരതം. സംസ്കൃതത്തിൽ 'ഭ' എന്നാൽ 'പ്രകാശം' എന്നാണ് അർത്ഥം. ഈ ഭാരതരാഷ്ട്രം സൃഷ്ടിച്ചത് – മറ്റ് രാജ്യങ്ങളെപ്പോലെ രാജാക്കന്മാരോ, ചില സേനാനായകരോ, ചില സൈനികരോ അല്ല. നമ്മുടെ ഋഷിമാർ അവരുടെ ആത്മീയ ചൈതന്യത്തിൽ നിന്ന്, ജ്ഞാനപ്രകാശത്തിൽ നിന്നാണ് ഈ രാജ്യം സൃഷ്ടിച്ചത്, സനാതന ധർമ്മത്തിന്റെ ആദർശങ്ങൾ പിന്തുടർന്നവരാണ് ഇത് നിലനിർത്തിയത്.

നമ്മുടെ ഋഷിമാർ നാം പിന്തുടരേണ്ട വിവിധ മാർഗങ്ങൾ നിർദ്ദേശിച്ചു, പ്രാഥമികമായി കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം എന്നിങ്ങനെ മൂന്ന് വഴികൾ. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, ഭക്തി, ദൈവികതയുമായി ബന്ധിപ്പിക്കുക, പരസ്പരം ബന്ധിപ്പിക്കുക – രാജ്യമെമ്പാടും നാം കാണുന്ന ഏറ്റവും എളുപ്പമുള്ള മാർഗം ഇതാണ്. ഈ ഭക്തി മാർഗ്ഗത്തിൽ അയ്യപ്പ ധർമ്മം അല്ലെങ്കിൽ അയ്യപ്പ ആരാധന വളരെ പ്രധാന്യമുള്ളതാണ്. നമ്മുടെ നാട്ടിൽ നിന്ന് സനാതന സംസ്കാരം നീക്കം ചെയ്താൽ അത് വെറും ജനക്കൂട്ടമായി മാറും. വ്യത്യസ്ത ഭാഷകളും, പ്രദേശങ്ങളും, കാലാവസ്ഥകളും, പാചകരീതികളും ഉള്ള ഒരു രാജ്യമാണ് നമ്മുടേത്. ഇത്തരത്തിലുള്ള നമ്മെ ബന്ധിപ്പിക്കുന്നതും, കുടുംബമായി നിലനിർത്തുന്നതും സനാതന ധർമ്മമാണ്. അത് വിവിധ സ്ഥലങ്ങളിൽ പലതരത്തിൽ പ്രകടിപ്പിക്കുന്നു, പക്ഷേ അടിസ്ഥാനം ഒന്ന് തന്നെ. വിദൂര ഗ്രാമങ്ങളിലും ആദിവാസി മേഖലകളിലും പോയാൽ പോലും രാമന്റെയും കൃഷ്ണന്റെയും കഥകൾ കേൾക്കാം. ആദിവാസികൾ, പ്രാകൃത പ്രദേശങ്ങൾ, എന്നൊക്കെ ഭരണാധികാരികൾ വിളിച്ചു വരുന്ന വിദൂര സ്ഥലങ്ങളിൽ പോലും ആരാധനാ രീതികളും ജീവിതവും സനാതന ധർമ്മമല്ലാതെ മറ്റൊന്നുമല്ല.

ഇത് അബ്രഹാമിക് മതങ്ങളിൽ നിന്ന് വ്യത്യസ്തമാണ്, അവിടെ, അവർക്ക് മനുഷ്യനാണ് സൃഷ്ടിയുടെ കേന്ദ്രം, ബാക്കിയുള്ള സൃഷ്ടികൾ മനുഷ്യന്റെ ആസ്വാദനത്തിനുള്ളതാണ്. എന്നാൽ സനാതന ധർമ്മം പറയുന്നു: നമ്മൾ സൃഷ്ടികളുടെ അവിഭാജ്യ ഘടകമാണ്, മനുഷ്യന് മറ്റൊരു സൃഷ്ടിയേക്കാളും കൂടുതൽ ശ്രേഷ്ഠതയില്ല. നമ്മുടെ ധർമ്മം – അതിന്റെ അന്തർലീനമായ ശക്തി കാരണം, അത് നശിപ്പിക്കാനാവാത്തതാണ്. പക്ഷേ അത് ഒരുപാട് സഹിച്ചിട്ടുണ്ട്, ഏഴാം നൂറ്റാണ്ട് വരെ, നിരവധി ആക്രമണകാരികൾ ഭാരതത്തിലേക്ക് വന്നിരുന്നു, ചില പ്രാദേശിക ഭരണാധികാരികളെ പരാജയപ്പെടുത്താൻ കഴിഞ്ഞിരുന്നു, എന്നിരുന്നാലും, അവർ ക്രമേണ സനാതന ധർമ്മത്തിന്റെ ഭാഗമായി മാറി, അതാണ്

നമ്മുടെ ധർമ്മത്തിന്റെ സ്വാംശീകരണ ശക്തി. അനേകം സംഭവങ്ങൾ.. ഒരു ഉദാഹരണം ഉദ്ധരിക്കാൻ, ബിസി രണ്ടാം നൂറ്റാണ്ടിൽ, ബാക്ട്രിയയിൽ നിന്നുള്ള ഗ്രീക്ക് രാജാവായ മെനാൻഡർ കാശ്മീർ ആക്രമിച്ചു. അക്കാലത്ത് കാശ്മീർ ബുദ്ധമതം, ജൈനമതം മുതലായ നിരവധി സംസ്കാരങ്ങൾ പിന്തുടർന്നിരുന്നു. എല്ലാം വേദങ്ങളിൽ നിന്ന് ഉത്ഭവിച്ചവതന്നെ. പ്രബലമായ സംസ്കാരം ബുദ്ധമതമായിരുന്നു. മഹാപണ്ഡിതനായിരുന്ന “നാഗസേന”നെക്കുറിച്ച് മെനാൻഡർ കേട്ടിരുന്നു, മഹത്തായ സംസ്കാരത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിച്ചു. പ്രസിദ്ധമായ ബുദ്ധഗ്രന്ഥമായ മിലിന്ദ–പൻഹയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദീർഘവും, പക്ഷെ ബുദ്ധിപരവുമായ ചർച്ചയ്ക്ക് ശേഷം, മെനാൻഡർ ബുദ്ധമതം സ്വീകരിക്കുകയുണ്ടായി. സോമനാഥക്ഷേത്രം തകർക്കപ്പെട്ടു. പെഷവാറായി മാറുന്നതുവരെ ‘ഗാന്ധാരം’ ഒരുകാലത്ത് സനാതന ധർമ്മത്തിന്റെ നാടായിരുന്നു. പ്രസിദ്ധമായ ‘നളന്ദ സർവ്വകലാശാല’ ഭക്ത്യാർ ഖിൽജി കത്തിച്ചു. ഒരു വർഷത്തിലേറെക്കാലം ലൈബ്രറി മുഴുവൻ കത്തിക്കൊണ്ടിരുന്നു. ആയിരക്കണക്കിന് സന്യാസിമാരും, അധ്യാപകരും, വിദ്യാർത്ഥികളും, ക്രൂരമായി കൂട്ടക്കൊല ചെയ്യപ്പെട്ടു. നമ്മുടെ രാജ്യം ആയിരം വർഷത്തിലേറെ ദുരിതം അനുഭവിച്ചു. നമ്മുടെ ധർമ്മം സനാതനമാണെങ്കിലും, നാം ഇതിനെ ഒരു സംഘടിതശക്തിയാക്കി മാറ്റാതിരുന്നതിനാൽ നമുക്ക് കുറെ കഷ്ടതകൾ സഹിക്കേണ്ടി വന്നു. സ്വാമി വിവേകാനന്ദൻ ശക്തിയെ ആരാധിക്കാൻ പറഞ്ഞു. ശുക്രാചാര്യർ ശുക്രനീതിയിൽ പറയുന്നു: ‘നിങ്ങൾ ശക്തനാണെങ്കിൽ നിങ്ങൾക്ക് ചുറ്റും സുഹൃത്തുക്കളുണ്ടാകും, എന്നാൽ നിങ്ങൾ ദുർബലനാണെങ്കിൽ നിങ്ങൾ ശത്രുക്കളാൽ വലയം ചെയ്യപ്പെടും’ ഇതാണ് നമ്മുടെ രാജ്യത്തിന് സംഭവിച്ചത്. നമ്മുടെ രാജ്യത്തിന് പുറത്തുള്ള, സനാതന ധർമ്മത്തോട് ശത്രുത പുലർത്തിയ ലോകം, വളരെയധികം നാശനഷ്ടങ്ങൾ വരുത്തി, നാം വളരെയധികം കഷ്ടപ്പെടുകയുണ്ടായി.

ഭാരതം സമൃദ്ധമായ ഒരു ദേശമായിരുന്നു. വിദ്യാർത്ഥികളായ നമ്മൾ പൈതഗോറസ് സിദ്ധാന്തത്തെക്കുറിച്ച് പഠിച്ചിട്ടുണ്ടാകണം, എന്നാൽ ഈ അറിവ് ഭാരതത്തിൽ നിന്ന് ലഭിച്ചതായി അദ്ദേഹം തന്നെ തന്റെ പുസ്തകത്തിൽ എഴുതിയിരുന്നു. ഗ്രീക്ക് തത്ത്വചിന്തകനായ പ്ലേറ്റോ തന്റെ എല്ലാ അറിവുകളും ഭാരതത്തിൽ നിന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, ഇക്കാലത്ത്, ഗ്രീക്ക് തത്ത്വചിന്തകർ ശാസ്ത്രം, സാങ്കേതികവിദ്യ, ഗണിത ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ നമുക്ക് മഹാന്മാർ, ഭാരതം അപരിഷ്കൃതവും ! നമുക്ക് ഒരു വലിയ പാഠം പഠിക്കാനുണ്ട്. ഭാരതം ശക്തമാകണം, ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്, ഭാരതത്തിനുവേണ്ടി മാത്രമല്ല, മുഴുവൻ ലോകത്തിനും വേണ്ടി. ലോകത്തിന്റെ

നിലനിൽപ്പ് ഭാരതത്തെ ആശ്രയിച്ചിരിക്കുന്നു. ഭാരതം ശക്തമാകണം, സൈനികമായും സാമ്പത്തികമായും മാത്രമല്ല, അത് ആത്മീയമായും ശക്തമായിരിക്കണം. ആത്മീയതയില്ലാതെ ഭാരതമില്ല. ഇപ്പോൾ നാം ഒരു യാത്രയിലാണ്, നമുക്ക് ഒരു ലക്ഷ്യം നിശ്ചയിക്കണം. നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ 100 വർഷം ആഘോഷിക്കുമ്പോൾ ഇന്ത്യ ലോക നേതൃത്വത്തിലെത്തണം, ജഗത്ഗുരുവാകണം. ലോകം അരാജകത്വത്താൽ നിറഞ്ഞിരിക്കുന്നു, പരസ്പരം പോരടിക്കുന്നു, കാരണം ലോകരാജ്യങ്ങളിൽ വസുധൈവ കുടുംബകത്തിന്റെ – ലോകം ഒരു കുടുംബമെന്ന നിലയിൽ കാഴ്ചപ്പാടോ സാക്ഷാത്കാരമോ ഇല്ല – ലോകനേതാവ് എന്ന് പറയുമ്പോൾ, ശുക്രനീതിയിൽ പറയുന്നതുപോലെ, നമ്മൾ ശക്തരായിരിക്കണം, നമ്മുടെ വാക്കുകൾക്ക് ലോകം കാതോർക്കും വിധം കഴിവുള്ളവരായിരിക്കണം. എങ്കിൽ മാത്രമേ സനാതന ധർമ്മം നിലനിൽക്കൂ. അതിജീവിക്കുക മാത്രമല്ല, സനാതന ധർമ്മം ലോകത്തിനുവേണ്ടി, മാനവികതയ്ക്ക് വേണ്ടി നിലനിൽക്കേണ്ടത് അത്യാവശ്യമാണ്.


ഈ ചടങ്ങിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ശബരിമല അയ്യപ്പസേവാ സമാജം അതിന്റെ വിവിധ "യോഗ"ങ്ങളിലൂടെ അയ്യപ്പധർമ്മം പ്രചരിപ്പിക്കാനുള്ള മഹത്തായ പ്രവർത്തനം ഏറ്റെടുത്തതിനും ഹരിവരാസനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്നതിനും ഞാൻ അഭിനന്ദിക്കട്ടെ. മഹത്തായ ഈ ദൗത്യത്തിന്റെ വിജയത്തിനായി ആശംസിക്കുന്നു, എനിക്ക് സാധ്യമായ രീതിയിലുള്ള സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

നമ്മുടെ രാജ്യത്തിനും സനാതന ധർമ്മത്തിനും എതിരെ രാജ്യത്തിനകത്തും പുറത്തും നിരവധി വെല്ലുവിളികൾ ഉണ്ട്, നമ്മൾ ഇത് അറിഞ്ഞിരിക്കുകയും എപ്പോഴും ജാഗ്രത പാലിക്കുകയും വേണം. നമ്മെ സംബന്ധിച്ചിടത്തോളം ഭൂമി നമ്മുടെ ആസ്വാദനത്തിനുള്ള ഒരു ഭൗതിക വിഭവം മാത്രമല്ല, അത് നമ്മുടെ അമ്മയാണ്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ ഭാരതം മൂന്നാം ലോക രാജ്യങ്ങളിൽ ഒന്നായി മാത്രം കണക്കാക്കപ്പെട്ടിരുന്നു, എന്നാൽ ഇപ്പോൾ ലോകം മുഴുവൻ ഭാരതത്തെ ഒരു ലോകനേതാവായി കാണുന്നു. നാം ശക്തരായിരിക്കണം, ആത്മീയമായി ശക്തരായിരിക്കണം, അതാണ് നമ്മുടെ പ്രത്യേകത, സ്വത്വം. നമ്മൾക്കു വിജയിക്കണം, തീർച്ചയായും വിജയം നമ്മുടേതന്നെ. എല്ലാവിധ ആശംസകളും നേരുന്നു ! നന്ദി.

———————————————————————————

# ഹരിഹരാത്മജാഷ്ടകം (ഹരിവരാസനം)

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി, റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം)



കേരളത്തിൽ മാത്രമല്ല ഭാരതമെമ്പാടും മുഴങ്ങി കേൾക്കുന്ന ശ്രേഷ്ഠമായൊരു കീർത്തനമാണ് ഹരിവരാസനം. കലിയുഗവരദനായി ശബരിമലയിൽ അധിവസിക്കുന്ന അയ്യപ്പസ്വാമിയുടെ 'സ്വാമിയേ ശരണമയ്യപ്പാ' എന്ന ലളിതമായ മന്ത്രം ഭരതത്തിലെ ഭക്തികോടികളുടെ ഉള്ളിൽ എന്നും അലയടിക്കുന്നു. ഇത്രയധികം പ്രശസ്തിയും ഭക്തജനങ്ങളുടെ അനുഭവം കൊണ്ട് ഏതു വിധത്തിലും ദുഃഖിക്കുന്ന തപ്ത ഹൃദയങ്ങൾക്ക്ശാന്തിപകരുന്ന ആശ്വാസമന്ത്രമാണത്. വൈകുണ്ഠ വാസിയായ വിഷ്ണുഭഗവാന്റെയും കൈലാസ വാസിയായ മഹാദേവന്റെയും രണ്ട് ചൈതന്യ ധാമങ്ങൾ ഒത്തു ചേർന്ന് തേജസ്സോടെ പ്രശോഭിക്കുന്ന ദേവനാണ് ഹരിഹരപുത്രനായ സ്വാമി അയ്യപ്പൻ. പില്ക്കാലത്ത് ശബരിമലയിലെ ശാസ്താ ക്ഷേത്രത്തിൽ മഹാദേവന്റെ അനുഗ്രഹം കൊണ്ട് അവതരിച്ച പന്തളം കുടുംബാംഗമായ അയ്യപ്പൻ ലയിച്ചുചേർന്നതോടെ ആ ക്ഷേത്രത്തിൽ ചൈതന്യം ദ്വിഗുണീഭവിച്ച് സമ്പൂർണ്ണമായ തേജസ്സായി. മറ്റുള്ള ശാസ്താ ക്ഷേത്രങ്ങളേയും അയ്യപ്പ ക്ഷേത്രങ്ങളേയും അപേക്ഷിച്ച് ശബരിമലയുടെ പ്രാധാന്യം ഇതുതന്നെയാണ്.

ഹരിവരാസനം എന്ന ഈ അഷ്ടകത്തിൽ ധർമ്മ ശാസ്താവിന്റെയും അയ്യപ്പ സ്വാമിയുടെയും ശക്തി ചൈതന്യമാണ് സ്തുതിക്കുന്നത്. ഉത്കൃഷ്ട വാഹനമായ കുതിരപ്പുറത്തിരിക്കുന്ന ഹരിവരാസനനെയാണ് സ്തുതി ക്കുന്നത്. അയ്യപ്പനാകുമ്പോൾ പുലിവാഹനമാകാം. ഈ കീർത്തനം ആരെഴുതി എന്ന് ആധികാരികമായ തെളിവില്ല. എങ്കിലും ഇതുവരെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വർഗീയ കോന്നകത്ത് ജാനകിയമ്മയാണ് രചയിതാവ് എന്ന് അനുമാനിക്കാം. ആരെഴുതി എന്നറിയുന്നതിലും മഹത്വം എന്തെഴുതി എന്നുള്ളതാണ്. 'ഉണ്ടോഗുണം കേൾപ്പിനതൊന്നുമാത്രം ഉത്പത്തിയും വംശവുമാരുകണ്ടു' എന്ന കവിവാക്യം സ്മരിച്ചാൽ മതി. ശബരിമലയിൽ അത്താഴപ്പൂജയ്ക്ക

ശേഷം ദേവന്റെ യോഗസമാധിക്ക് ചൊല്ലിവരുന്ന കീർത്തനമാണിത്. സംഗീതസമ്രാട്ടായ യേശുദാസ് മനോഹരമായി ഭക്തിനിർഭരമായി ആലപിച്ചപ്പോൾ അനുഭവിക്കുന്ന ഒരു ലയമാണ് ഈ കീർത്തന മാധുരി. ഇന്ന് കോടിക്കണക്കിന് ഭക്തന്മാരും സംഗീതജ്ഞന്മാരും അനസ്യൂതമായി പാടുന്ന ഈ കീർത്തനം അനശ്വരമാണ്. ഭക്തജനഹൃദയങ്ങളിൽ അവാച്യമായ ഒരനുഭൂതിയും ലയവും ഉണ്ടാക്കുവാന് ഈ കീർത്തനത്തിന് കഴിയും. അർത്ഥം അറിയുന്നതിലും പ്രധാനം എല്ലാം മറന്ന് ഈ കീർത്തനം പാടിപ്പാടി മനം അയ്യപ്പനിലേക്ക് ലയിച്ച് ചേരട്ടെ. ആ ബ്രഹ്മ സാക്ഷാത്കാരത്തിൽ ജന്മ പരമ്പരകൾ ഒടുങ്ങട്ടെ. അതിന് ഈ കീർത്തനം ഉതകട്ടെ.....സ്വാമിയേ ശരണമയ്യപ്പാ..!

## ഹരിഹരാത്മജാഷ്ടകം

(4 വരികൾ വീതമുള്ള 8 ശ്ലോകങ്ങൾ, ആകെ 32 വരികൾ, 108 വാക്കുകൾ).

1. ഹരിവരാസനം വിശ്വമോഹനം
ഹരിദധീശ്വരം ആരാധ്യപാദുകം..
അരിവിമർദ്ദനം നിത്യനർത്തനം
ഹരിഹരാത്മജം ദേവമാശ്രയേ...

സ്വാമി ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
സ്വാമി ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

**അർത്ഥം:** ഹരി എന്നാൽ സിംഹം. സിംഹത്തെകൊണ്ട് നിർമ്മിച്ച ശ്രേഷ്ഠമായ ആസനം, സിംഹാസനം അതിൽ ഇരിയ്ക്കുന്നവൻ, പന്തളം രാജകുമാരന്റെ ശ്രേഷ്ഠതയും പദവിയും സൂചിപ്പിക്കുന്നു. വിശ്വത്തെ മുഴുവനും മോഹിപ്പിക്കുന്ന ദൈവികമായ ശക്തിയുടെ ഉടമസ്ഥനാണ്. രാജകുമാരനാണെങ്കിലും ധർമ്മശാസ്താവിന്റെ അവതാരമാണല്ലോ. ഹരിത് എന്നാൽ ദിക്ക് എന്നർത്ഥം. സർവ്വദിക്കിനും ഈശനാണ്, നിയന്താവാണ്, ദിഗ്പാലകന്മാർ അങ്ങേയ്ക്ക് അധീനരാണല്ലോ? ആരാധിക്കപ്പെടുന്ന പാദുകത്തോട് കൂടിയവൻ. ദേവന്മാർ സർവ്വദാ അങ്ങയുടെ പാദങ്ങളെ നമസ്കരിച്ച് ആശ്രയിക്കുന്നു. അരി എന്നാൽ ശത്രുക്കൾ എന്നർത്ഥം. ശത്രുക്കളെ നിഗ്രഹിക്കുന്നവനാണ് അങ്ങ്. ക്ഷാത്ര തേജസ്സിവിടെ പ്രകടമാണ്. കാമ ക്രോധാദികളായ ശത്രുക്കളെ നിഗ്രഹിക്കുന്ന അങ്ങ് ഭൗതികമായും ദൈവികമായും രാജാവാണ്. നിത്യമായി ആനന്ദനൃത്തം ചെയ്യുന്ന അങ്ങയുടെ ചുവടുകളും ഭാവങ്ങളും എല്ലാവർക്കും ആശ്രയം കൊടുക്കുന്നതാണ്. അങ്ങനെയുള്ള ഹരിഹര പുത്രനായ ആ ദേവനെ ഞാൻ ശരണം പ്രാപിക്കുന്നു. വിഷ്ണുവിന്റെയും ശിവന്റെയും തേജസ്സുകൾ ഒന്നിച്ചുചേർത്ത് അവതരിച്ച അങ്ങേയ്ക്ക് എല്ലാവരും ഒരുപോലെയാണ്. ഈ ഐക്യതയും സമാനതയും കൈവിടാതെ കാത്തു സൂക്ഷിക്കുവാൻ അനുഗ്രഹിക്കണമെന്നു പ്രാർത്ഥന.

2. ശരണകീർത്തനം ശക്തമാനസം
ഭരണലോലുപം നർത്തനാലസം
അരുണഭാസുരം ഭൂതനായകം
ഹരിഹരാത്മജം ദേവമാശ്രയേ...

സ്വാമി ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
സ്വാമി ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

**അർത്ഥം:** ശരണമന്ത്രത്താൽ കീർത്തിക്കപ്പെടുന്നവനും ശക്തമായ മനസ്സോടുകൂടിയവനും ഭരണത്തിൽ സമർത്ഥനും അലസമായി നടിക്കുന്നവനും അരുണ വർണം കൊണ്ട് ശോഭിക്കുന്നവനും ഭൂതനായകനുമായ ഹരിഹരപുത്രനെ ആശ്രയിക്കുന്നു. ലക്ഷക്കണക്കിനു ഭക്തജനങ്ങൾ ശരണമന്ത്രമുച്ചരിച്ച് കീർത്തിക്കുന്നവനാണ് ഭഗവാൻ. ശരണം ആശ്രയമാണ്. ഈശ്വരനെ ആശ്രയിക്കലാണ് ജീവിതലക്ഷ്യം. അഭയവും ആശ്രയവും ലഭിക്കുവാനായി ജനങ്ങൾ അങ്ങയെ സ്തുതിച്ച് പാടുന്നു. ക്ഷാത്ര തേജസ്സിന്റെ ശക്തമായ മനസ്സ് അങ്ങയ്ക്കുണ്ട്. ഏതു വനാന്തരത്തിലും ഏതു സമയത്തും ദുഷ്ടമൃഗങ്ങളുമായി വസിക്കുവാനുള്ള നിർഭീതമായ മനസ്സ് അങ്ങയുടെ കരുത്താണ്. സർവ്വശക്തനായ ഒരീശ്വരനെ മാത്രമേ നമുക്ക് ആശ്രയമാക്കുവാൻ കഴിയുകയുള്ളൂ. രാജ്യഭരണം മാത്രമല്ല പ്രപഞ്ചഭരണത്തിലെ സകല സംവിധായകനും അങ്ങാണ്. സമസ്ത ജീവജാലങ്ങളേയും കർമ്മനിരതരാക്കുന്ന ഭരണകൗശലം അങ്ങയ്ക്കുണ്ട്. നൃത്താചാര്യനായ പരമശിവന്റെ അർത്ഥശക്തികൊണ്ട് ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞുനില്ക്കുവാനും അലസമായി നടിക്കുവാനും അങ്ങയ്ക്കു കഴിയും. സൂര്യന്റെ ചെങ്കിരണങ്ങൾ പോലെ അരുണവർണ്ണത്താൽ ശോഭിക്കുന്നവനുമാണ് അങ്ങ്. ഭൂതങ്ങളുടെ നായകനെന്നാൽ പഞ്ചഭൂതങ്ങളായ പ്രപഞ്ച വിഭൂതികളെ നിയന്ത്രിക്കുന്നവനാണ് അങ്ങ്. അഖിലാണ്ഡ കോടി ബ്രഹ്മാണ്ഡനായകനായ അങ്ങ് സമസ്ത ജീവജാലങ്ങളിലും കുടികൊണ്ട് അവയെ നിയന്ത്രിക്കുന്നു. വിഷ്ണുവിന്റെയും ശിവന്റെയും സംരക്ഷണയും സംഹരിക്കലും അങ്ങയുടെ ധർമ്മമാണ്. രണ്ട് ഐശ്വര്യ ശക്തികളുടെ സമഞ്ജസരൂപമാണ് അങ്ങ്. അങ്ങനെ പ്രപഞ്ച നിയന്താവായ ഹരിഹരാത്മജനായി അവതരിച്ച ബ്രഹ്മസ്വരൂപത്തെ ഞങ്ങൾ ആശ്രയിക്കുന്നു.

(തുടരും)

---

# തത്ത്വമസിയുടെ ദർശനം : ഭാഗം – 3

(ശ്രീ. അജിത്ക്കുമാർ നെടുമ്പ്രം)



(ശ്രീ. അജിത്ക്കുമാർ നെടുമ്പ്രം : വൈവിദ്ധ്യമാർന്ന നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു പ്രതിഭാധനനാണ് സപ്തതി പിന്നിട്ട ശ്രീ അജിത്ക്കുമാർ നെടുമ്പ്രം. ഇദ്ദേഹം ഗുജറാത്തിലെ അഹമ്മദാബദ് മഹാനഗരത്തിലാണ് സ്ഥിരതാമസം.)

ജലാശയങ്ങളിൽനിന്നും, നദികളിൽനിന്നും, കടലിൽ നിന്നും നീരാവിയായി പൊങ്ങിവന്ന് മേഘങ്ങളായ ശേഷം വർഷിച്ചുകഴിഞ്ഞാൽ അതിൽ ഏതു ജലം ഏതു ജലാശയത്തിലേതാണെന്ന് അറിയാൻ കഴിയുകയില്ല. അതുപോലെ ഞങ്ങൾ സത്തിൽനിന്ന് വന്നിരിയ്ക്കുന്ന വരാണെന്ന ബോധം ജീവികൾക്ക് ഉണ്ടാകുന്നില്ല. സർവ്വ പ്രജകളും സത്തിൽനിന്ന് ഉണ്ടാകുന്ന എന്നിരുന്നിട്ടും "ഞങ്ങൾ സത്തിൽനിന്ന് വന്നിരിക്കുന്നു" എന്ന സൂക്ഷ്മഭാവം അവ അറിയുന്നില്ല!

മൂന്നാമതും, ആ ഈ സൂക്ഷ്മ ഭാവംതന്നെയാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിയ്ക്കുന്നത്, അതുമാത്രമാണ് സത്യമായിട്ടുള്ളതും സർവത്തിന്റെയും ആത്മാവായിട്ടുള്ളതും; അല്ലയോ ശ്വേതകേതോ, അത് നീ തന്നെയാകുന്നു. (6.10.3).

അല്ലയോ സൗമ്യ, ഈ വൃക്ഷത്തിന്റെ ഒരു ശാഖ രോഗംവന്ന് ഉണങ്ങുകയോ, ആരെങ്കിലും മുറിയ്ക്കുകയോ ചെയ്താൽ ആ ശാഖയിൽ വ്യാപരിയ്ക്കുന്ന ജീവൻ വൃക്ഷം ഉപസംഹരിയ്ക്കുകയും ആ ശാഖ ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത് വേരുകൊണ്ട് വലിച്ചെടുക്കുന്ന അന്നം, പ്രാണൻ ഉൾക്കൊള്ളുന്ന ജീവനെക്കൊണ്ട് രസമായി പരിണമിപ്പിച്ച് ജീവിയ്ക്കുകയും പോഷിപ്പിയ്ക്കുകയും ചെയ്യുന്നത് വൃക്ഷത്തിന് ജീവൻ നിലനിൽക്കുന്നതുകൊണ്ടാണ്. പലകാരണങ്ങളാൽ മരത്തിന്റെ ഓരോകൊമ്പിൽനിന്നും ജീവൻ വിടുമ്പോൾ അവ ഓരോന്നും ഉണങ്ങിപ്പോകുന്നു. മുഴുവൻ മരത്തെയും ജീവൻ വിടുമ്പോൾ അത് മൊത്തം ഉണങ്ങിപ്പോകുന്നു! അല്ലയോ സൗമ്യ, ഇതുപോലെ ജീവൻ ഇല്ലാതായിത്തീരുന്ന ശരീരമാണ് യഥാർത്ഥ ത്തിൽ മരിയ്ക്കുന്നത്. എന്നാൽ ജീവനാകട്ടെ മരിയ്ക്കുന്നില്ല. ആ സൂക്ഷ്മഭാവംതന്നെയാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിയ്ക്കുന്നത്. അതുമാത്രമാണ് സത്യമായിട്ടുള്ളതും സർവത്തിന്റെയും ആത്മാവായിട്ടുള്ളതും. അല്ലയോ ശ്വേതകേതോ, അത് നീ തന്നെയാകുന്നു.

ഉദ്ദാലകൻ നാലാമതും ഇതുപറഞ്ഞപ്പോൾ ശ്വേതകേതു തന്റെ പിതാവിനോട് വീണ്ടും ആവശ്യപ്പെട്ടു; "സംപൂജ്യനായ അങ്ങ് അത് എനിയ്ക്ക് കുറച്ചു കൂടി വ്യക്തമായി പറഞ്ഞു തരണം" അങ്ങനെ തന്നെ എന്ന് ഉദ്ദാലകൻ സമ്മതിക്കുന്നു.

"ഏവമേവ ഖലു സോമ്യ വിദ്ധീതി ഹോവാച, ജീവാപേതം വാവ കിലേദം മ്രിയതേ, ന ജീവോ മ്രിയത ഇതി. സ യ ഏഷോƒണിമൈതദാത്മ്യമിദം സർവ്വം, തത് സത്യം സ ആത്മാ തത് ത്വമസി ശ്വേതകേതോ ഇതി, ഭൂയ ഏവ മാ ഭഗവൻ വിജ്ഞാപയത്വിതി, തഥാ സോമ്യേതി ഹോവാച" (6.11.3).

ജീവന് നാശമില്ലെന്ന് ദൃഷ്ടാന്തസഹിതം ഉദ്ദാലകൻ തന്റെ മകനോട് ഉപദേശിക്കുമ്പോൾ ശ്വേതകേതുവിന് മറ്റൊരു സംശയം. നാമമോ, രൂപമോ ഇല്ലാത്തതും അത്യന്തം സൂക്ഷ്മമായതുമായ ഈ സത്ത് എങ്ങനെയാണ് അത്യന്തം സ്ഥൂലവും ബഹുവിധ നാമത്തോടും രൂപത്തോടും കൂടിയ ഈ ജഗത്തായി ത്തീരുന്നത്? മറ്റൊരു ദൃഷ്ടാന്തംകൊണ്ട് ഉദ്ദാലകൻ വീണ്ടും മകന് അത് വ്യക്തമാക്കി ക്കൊടുക്കുന്നു. ഒരു പേരാൽമരത്തിന്റെ കായ കൊണ്ടുവരുവിച്ചിട്ട് അത് പൊളിയ്ക്കുവാൻ ശ്വേതകേതുവിനോട് അദ്ദേഹം ആവശ്യപ്പെടുന്നു. അപ്പോൾ, എന്ത് കാണുന്നു എന്ന ചോദ്യത്തിന് ഉത്തരമായി, അണുക്കളെപ്പോലെ ചെറിയ ചെറിയ ബീജങ്ങൾ കാണുന്നുവെന്ന് ശ്വേതകേതു ഉത്തരം കൊടുക്കുന്നു. അതിലൊന്ന് വീണ്ടും പൊളിക്കാൻ പറയുമ്പോൾ അതിൽ ഒന്നും കാണാൻ കഴിയുന്നില്ല എന്നായിരുന്നു അവന്റെ ഉത്തരം.

ഉദ്ദാലകൻ തന്റെ മകനോട് പറയുന്നു: ആൽമര ത്തിന്റെ വിത്തിനുള്ളിൽ നീ ഒന്നും കാണുന്നില്ലെങ്കിലും അതിൽ അണുവായ ഒരു അംശമുണ്ട്. വളരെ ചെറിയ ആ അംശത്തിൽ നിന്നാണ് ഈ വടവൃക്ഷം ഉണ്ടായി ഇത്ര വലുതായി വളർന്നു പന്തലിച്ചു നിൽക്കുന്നത്. അപ്രകാരം അത്യന്തസൂക്ഷ്മമായ ആ സത്തിൽനിന്ന് നാമരൂപാത്മകമായ ഈ വിശാലപ്രപഞ്ചം ഉണ്ടായിരിയ്ക്കുന്നു. ബാഹ്യമായ വിഷയങ്ങളിൽ ആസക്തരായ മനസ്സുള്ളവർക്ക് അത് മനസ്സിലാക്കാൻ കഴിയാതെ വരുന്നു. (6.12.2).

ഉദ്ദാലകൻ വീണ്ടും അഞ്ചാമത്തെ പ്രാവശ്യം തത്ത്വമസിയുടെ മന്ത്രം മകന് ഉപദേശിച്ചു കൊടുക്കുന്നു (6.12.3). സത്താണ് ഈ ജഗത്തിന്റെ മൂലകാരണ മെങ്കിൽ പ്രത്യേകമായി അതിനെ തിരിച്ചറിയുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ് എന്നുള്ള അവന്റെ സംശയത്തിന് ഉദ്ദാലകൻ പിന്നെയും കൃത്യമായി വ്യക്തത വരുത്തുകയാണ്. കുറച്ച് ഉപ്പ് എടുത്ത് വെള്ളത്തിൽ ഇടുവിച്ചിട്ട്, അടുത്ത ദിവസം അത് തന്റെയടുത്ത് എടുത്തു കൊണ്ടുവരുവാൻ ഉദ്ദാലകൻ മകനോട് പറയുന്നു. അടുത്ത ദിവസം തന്റെയടുത്ത്

കൊണ്ടുവന്ന ഉപ്പുവെള്ളപാത്രത്തിൽ നിന്ന് ഉപ്പ് എടുത്തു കൊടുക്കാൻ ഉദ്ദാലകൻ മകനോട് ആവശ്യപ്പെടുന്നു. വെള്ളത്തിൽ ലയിച്ചുചേർന്ന ഉപ്പ് അവന് എങ്ങനെ കിട്ടാനാണ്! ആ ഉപ്പുവെള്ളം മുകളിൽ നിന്നും, ഇടയ്ക്കു നിന്നും, അടിയിൽ നിന്നും എടുത്ത് രുചിച്ചു നോക്കാൻ ആവശ്യപ്പെടുമ്പോൾ ഉപ്പുരസം ആ ജലത്തിലെല്ലാം ഒരേപോലെ അനുഭവപ്പെടുന്നുണ്ട് എന്നാണ് ശ്വേതകേതു തന്റെ പിതാവിനോട് പറഞ്ഞത്. തലേദിവസം വെള്ളത്തിൽ ഇട്ട ആ ഉപ്പ് ഇപ്പോഴും അതിനുള്ളിൽ ഉണ്ട്; എന്നാൽ അത് നിനക്ക് ദർശനംകൊണ്ടോ, സ്പർശനം കൊണ്ടോ അറിയുവാൻ കഴിയുന്നില്ലെന്നു മാത്രം. അതുപോലെ ജഗത്തിന് മൂലകാരണമായ സത്തിനെ ഇന്ദ്രിയങ്ങൾ കൊണ്ട് അറിയുവാൻ കഴിയുന്നില്ലെങ്കിലും മറ്റുപായങ്ങൾ കൊണ്ട് അറിയാവുന്നതാണ് എന്ന് ഉദ്ദാലകൻ പറയുന്നു.

ഉദ്ദാലകൻ വീണ്ടും ഇവിടെ ആറാമത്തെ തവണ തത്ത്വമസിയുടെ മന്ത്രം മകന് ഉപദേശിക്കുന്നു (6.13.3). മറ്റെന്തുപായംകൊണ്ടാണ് അത് അറിയുവാൻ കഴിയുക എന്നത് വ്യക്തമാക്കിക്കൊടുക്കാൻ ശ്വേതകേതു പിതാവിനോട് ആവശ്യപ്പെടുന്നു. എപ്രകാരമാണോ, ഗാന്ധാരദേശത്തു നിന്ന് ഒരുവനെ കണ്ണുകെട്ടി മറ്റൊരുദേശത്തു കൊണ്ടുവന്ന് കണ്ണുകെട്ടിയ അവസ്ഥയിൽത്തന്നെ മോചിപ്പിച്ചു വിട്ടിട്ട് ഇനി നീ നിന്റെ ദേശത്ത് പൊയ്ക്കൊള്ളാൻ പറയുകയും, 'അയ്യോ, തന്നെ കണ്ണുകെട്ടി ഇവിടെ വിട്ടിരിക്കുകയാണേ' എന്ന് ബഹളം വെച്ച് ആരേയെങ്കിലും വരുത്തി കണ്ണിന്റെ കെട്ട് അഴിപ്പിച്ച്, ഈ ദിശയിലാണ് ഗാന്ധാരം ആ ദിശയിലേക്ക് പൊയ്ക്കൊള്ളുക എന്ന് ഒരാൾ പറഞ്ഞു കൊടുക്കുകയും, അറിവുള്ളവനും ബുദ്ധിമാനുമായ അവൻ ഗ്രാമങ്ങൾതോറും വഴിചോദിച്ചറിഞ്ഞ് ഗാന്ധാരത്തിൽ എത്തിച്ചേരുകയും ചെയ്യുന്നത്, അതുപോലെ 'ആചാര്യനുള്ള' ഒരു പുരുഷന് പല ഉപായങ്ങളിലൂടെ ആ സൂക്ഷ്മാംശം അറിയുവാൻ കഴിയുന്നു. ആ ബുദ്ധിമാന് ഈ ദേഹം വെടിയുന്നതുവരെയുള്ള കാലതാമസമേ ഉള്ളൂ; അതിനുശേഷം അവൻ സത്തിൽ ഏകീഭവിക്കുന്നു.

ഉദ്ദാലകൻ വീണ്ടും ഇവിടെ ഏഴാമത്തെ തവണ തത്ത്വമസിയുടെ മന്ത്രം മകന് ഉപദേശിച്ചു കൊടുക്കുന്നു (6.14.3). മാം ജാനാസി – എന്നെ അറിയുന്നുവോ, എന്ന് രോഗിയായി മരിക്കാൻ കിടക്കുന്ന ഒരുവന്റെ ചുറ്റും കൂടി നിന്ന് ബന്ധുജനങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. എന്നാൽ ആ കിടക്കുന്ന വ്യക്തിയുടെ വാക്ക് മനസ്സിലും, മനസ്സ് പ്രാണനിലും, പ്രാണൻ തേജസ്സിലും, തേജസ്സ് പരയായ ദേവതയിലും ചേർന്നുകഴിഞ്ഞാൽ ആ വ്യക്തി അവിടെ കൂടിനിൽക്കുന്നവരെ തിരിച്ചറിയുന്നില്ല. അവൻ സത്തി ലേക്കാണ് കുടിയേറുന്നത്. ആ ഈ സൂക്ഷ്മഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നത്. അതുമാത്രമാണ് സത്യമായിട്ടുള്ളതും സർവത്തിന്റെയും

ആത്മാവായിട്ടുള്ളതും. ഉദ്ദാലകൻ ഇവിടെ വീണ്ടും എട്ടാമത്തെ തവണ തത്ത്വമസിയുടെ മന്ത്രം മകന് ഉപദേശിച്ച കൊടുക്കുന്നു (6.15.3).

(തുടരും)

---

# കഥ – അചഞ്ചലമായ ഭക്തി

## (മാതാ അമൃതാനന്ദമയി ദേവി – അമ്മ)



യമുനാതീരത്ത് ഗോപികമാരോടൊപ്പം ഭഗവാൻ കൃഷ്ണൻ നടത്തിയ നൃത്തം രാസലീലയായി മാറി. പരമാനന്ദത്തിന്റെ മൂർത്തീഭാവമായ ഭഗവാൻ കൃഷ്ണനുമായി ഒത്തുചേർന്നപ്പോൾ ഗോപികമാർ എല്ലാ ശരീരബോധവും മറന്ന് സ്വയം പരിശുദ്ധാത്മാവിൽ ലയിച്ചു. അവിടെ സംഭവിച്ചത് പുരുഷന്റെയും പ്രകൃതിയുടെയും ലയനമാണ് – സ്രഷ്ടാവും സൃഷ്ടിയും, ശുദ്ധമായ ബോധവും പ്രകൃതിയും. ശുദ്ധമായ സ്നേഹത്തിൽ അവർ എല്ലാം മറന്നപ്പോൾ, ഗോപികമാരുടെ ഉള്ളിലെ കൃഷ്ണൻ ഉണർന്നു. അതുകൊണ്ടാണ് ഗോപികമാർക്ക് ഓരോരുത്തർക്കും ഒരോ പ്രത്യേക കൃഷ്ണനെ അനുഭവിക്കാൻ സാധിച്ചത്.

സൃഷ്ടി ആസ്വദിക്കുമ്പോൾ സ്രഷ്ടാവിനെ ഓർക്കണം. ഭക്ഷണം ആസ്വദിക്കുന്ന ഒരാൾക്ക് അമ്മയെയോ, ഭക്ഷണം ഉണ്ടാക്കിയ ആളെയോ ഓർക്കാൻ കഴിയണം. ഇത് അത്ര എളുപ്പമല്ല. അതിനായി വേദഗ്രന്ഥങ്ങളിൽ അറിവുണ്ടായിരിക്കണം.

സർക്കസിൽ, ജിംനാസ്റ്റുകൾ ഞാണിന്മേൽ മുറുകെപ്പിടിച്ച് ബാലൻസ് ചെയ്യുമ്പോൾ തലയ്ക്ക് മുകളിൽ ഒരു പാത്രം സ്വയം ബാലൻസ് ചെയ്യുന്നത് നമുക്ക് കാണാം. ചിലപ്പോൾ അവർ നൃത്തവും ചെയ്യാറുണ്ട്. തലയിലെ പാത്രം എങ്ങനെ സന്തുലിതമാക്കാമെന്നും കയറിൽ തങ്ങളെത്തന്നെ നിലനിർത്താനും അവർ അറിഞ്ഞിരിക്കണം. ഒരുപാട് അഭ്യാസത്തിനു ശേഷമേ ഇത് സാധിക്കുന്നുള്ളൂ. ലോകത്തിൽ നമ്മുടെ ജീവിതവും അങ്ങനെയാണ്. മുൻകാലങ്ങളിൽ ജീവിതം എന്നത് തലയിൽ ഒരു പാത്രം ബാലൻസ് ചെയ്യുന്ന പോലെ ആയിരുന്നു. ഇപ്പോൾ ഞാണിന്മേലും നടക്കണം.

ഇന്നത്തെ ലോകം ആകർഷകമായ കാഴ്ചകളും ശ്രദ്ധാശൈഥില്യങ്ങളും നിറഞ്ഞ ഒരു സൂപ്പർമാർക്കറ്റ് പോലെ തുറന്നിരിക്കുന്നു. എല്ലാ ആകർഷണങ്ങൾക്കിടയിലും വിട്ടുനിൽക്കൽ / വൈരാഗ്യ ജീവിതം വികസിപ്പിക്കുക എളുപ്പമല്ല. ധൈര്യശാലികൾക്ക് മാത്രമേ അത് സാധ്യമാകൂ. വായിൽ പഞ്ചസാര ഇട്ട് നാവിനോട് ഉമിനീർ വരരുതെന്ന് ആവശ്യപ്പെടുന്നത് പോലെയാണിത്. ഇങ്ങനെ ജീവിക്കാൻ ശ്രമിക്കുന്ന ഇത്തരം ധീരന്മാരുടെ ജീവിതം അവർക്കു മാത്രമല്ല, ലോകത്തിനും ഉപകാരപ്രദമാണ്. അവർ ലോകത്തിൽ നിന്ന് അവർക്ക് ആവശ്യമുള്ളത് മാത്രം എടുക്കുന്നു.

100 രൂപയുടെ വാച്ചും 10,000 രൂപയുടെ വാച്ചും ഒരേ സമയം കാണിക്കുന്നു. ഒരാൾക്ക് 100 രൂപയുടെ വാച്ച് കൊണ്ട് തൃപ്തിയടയാൻ കഴിഞ്ഞാൽ, ബാക്കി പണം പാവപ്പെട്ടവരെയും അശരണരെയും സഹായിക്കാൻ ഉപയോഗിക്കാം. ഇങ്ങനെ ജീവിക്കുന്നവരുടെ നോട്ടവും വാക്കുകളും ചിന്തകളും പ്രവൃത്തികളും ലോകത്തിന് ഗുണകരമാണ്.

പരിശ്രമിക്കുന്ന ഓരോ 100,000 അന്വേഷകരിലും ഒരാൾ പൂർണതയിലെത്തുമെന്ന് ഭഗവദ്ഗീത പറയുന്നു. വിതച്ച എല്ലാ വിത്തുകളും മുളയ്ക്കില്ല. ഇന്ന് കാര്യങ്ങൾ വ്യത്യസ്തമാണ്: ലക്ഷക്കണക്കിന് ആളുകളിൽ, ആത്മീയതയെക്കുറിച്ച് അൽപമെങ്കിലും അറിയാവുന്നവർ ചുരുക്കം ചിലർ മാത്രമേ ഉണ്ടാകൂ. അപ്പോഴും അവരുടെ ധാരണ ക്ഷേത്രാരാധനയിൽ ഒതുങ്ങിയേക്കാം എന്നാണ്. അവർക്ക് ആഴത്തിലുള്ള ആത്മീയ ധാരണയുണ്ടാവില്ല. അതിനാൽ, രണ്ടരലക്ഷത്തിൽ ഒരാൾ മാത്രമേ ആത്മീയ പാതയിലേക്ക് വരുന്നുള്ളൂ. അതിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ലക്ഷ്യത്തിലെത്തുന്നത്. കാലങ്ങൾ അങ്ങനെയാണ്.

എന്നിരുന്നാലും, ഈ പാതയിൽ നടത്തിയ പരിശ്രമം ഒരിക്കലും പാഴാവില്ല. അത് എപ്പോഴും അന്വേഷകനോടൊപ്പം നിൽക്കും. അത് വീണ്ടും ഉണർത്തുകയും വ്യക്തിയെ കൂടുതൽ മുന്നോട്ട് നയിക്കാൻ ഉതകുന്ന ഉൽബോധനം നൽകുകയും ചെയ്യുന്നു. ലക്ഷക്കണക്കിനാളുകൾ ആണ് സിവിൽ സർവീസ് പരീക്ഷ എഴുതുന്നത്! അതിൽ ചിലർ മാത്രമാണ് ഐ.എ.എസുകാരാകുന്നത്. പിന്നെയും, നിരവധി ചെറുപ്പക്കാർ അതിനുവേണ്ടി ശ്രമിക്കുന്നു. അതിനാൽ, ആത്മീയതയിലും ഉയർച്ച കിട്ടാൻ നാം പരിശ്രമിക്കേണ്ടതുണ്ട്.

-------------------

# കുംഭൽഗഡ് (കുംഭൽ കോട്ട)

## ഇന്ത്യയുടെ വൻമതിൽ – ലോക മഹാത്ഭുതം



ഭീമാകാരമായ രാം പോൾ (രാം കവാടം)



കുംഭൽ കോട്ടയുടെ ആകാശ കാഴ്ച

**ഇന്ത്യയുടെ വൻമതിൽ എന്നറിയപ്പെടുന്ന കുംഭൽഗഡ് (അക്ഷരാർത്ഥത്തിൽ "കുംഭൽ കോട്ട") പടിഞ്ഞാറൻ ഇന്ത്യയിലെ രാജസ്ഥാൻ സംസ്ഥാനത്തിലെ ഉദയ് പൂരിനടുത്തുള്ള രാജ് സമന്ദ് ജില്ലയിൽ ആരവല്ലി മലനിരകളുടെ പടിഞ്ഞാറൻ നിരയിലുള്ള ഒരു മേവാർ (മേവാഡ്) കോട്ടയാണ്. രാജസ്ഥാനിലെ ഹിൽ ഫോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോക പൈതൃക സ്ഥലമാണിത്. പതിനഞ്ചാം നൂറ്റാണ്ടിൽ റാണ കുംഭനാണ് ഇത് നിർമ്മിച്ചത്.**

**2013–ൽ, കംബോഡിയയിലെ നോം പെന്നിൽ നടന്ന ലോക പൈതൃക സമിതിയുടെ 37–ാമത് സെഷനിൽ, രാജസ്ഥാനിലെ മറ്റ് അഞ്ച് കോട്ടകൾക്കൊപ്പം കുംഭൽഗഡ് കോട്ടയും, രാജസ്ഥാനിലെ ഹിൽ ഫോർട്ട്സ് ഗ്രൂപ്പിന് കീഴിൽ യുനെസ്കോയുടെ (UNESCO) ലോക പൈതൃക ആസ്ഥാനമായി പ്രഖ്യാപിച്ചു. ലോകത്തിലെ ഏറ്റവും വലിയ ഫോർട്ട് കോംപ്ലക്സുകളിൽ ഒന്നാണ് ഈ കോട്ട.**

**തെളിവുകളുടെ അഭാവം മൂലം കോട്ടയുടെ ആദ്യകാല ചരിത്രം കണ്ടെത്താനായിട്ടില്ല. റാണ കുംഭൻ പുതിയ കോട്ട പണിയുന്നതിന് മുമ്പ്, മൗര്യ രാജാവായ സംപ്രതി നിർമ്മിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന ഒരു ചെറിയ കുന്നിൻ പ്രദേശത്തേക്ക് പരിമിതപ്പെടുത്തിയിരുന്ന ചെറിയ കോട്ട ഉണ്ടായിരുന്നു. ഇത് മത്സ്യേന്ദ്ര ദുർഗ് എന്നാണ് അറിയപ്പെട്ടിരുന്നത്. 14–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നാഡോലിലെ ചൗഹാൻ രജപുത്രരിൽ നിന്ന് ഗോദ്വാറിന്റെ ഈ പ്രദേശവും സമതലങ്ങളും റാണാ ലഖൻ നേടിയെടുത്തു.**

**സിസോദിയ രജപുത്ര വംശത്തിൽപ്പെട്ട മേവാറിലെ റാണ കുംഭനാണ് കുംഭൽഗഡ് കോട്ട പണിതത്. ആ കാലഘട്ടത്തിലെ പ്രശസ്ത വാസ്തുശില്പിയായ "മന്ദൻ" ന്റെ സഹായം റാണ കുംഭൻ സ്വീകരിച്ചു. റാണ കുംഭൻറെ മേവാർ സാമ്രാജ്യം രൺതംബോർ മുതൽ ഗ്വാളിയോർ വരെ നീണ്ടുകിടക്കുകയും ഇന്നത്തെ മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവയുടെ വലിയ ഭാഗങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു. അദ്ദേഹത്തിന്റെ ആധിപത്യത്തിലുള്ള 84 കോട്ടകളിൽ, റാണ കുംഭൻ 32 എണ്ണം നിർമ്മിച്ചതായി പറയപ്പെടുന്നു,**

അവയിൽ ഏറ്റവും വലുതും വിശാലവുമായത് കുംഭൽഗഢാണ്.

കുംഭൽഗഡ് മേവാറിനെയും മാർവാറിനെയും പരസ്പരം വേർപെടുത്തുകയും അപകടസമയത്ത് മേവാറിലെ ഭരണാധികാരികൾ അഭയകേന്ദ്രമായി ഉപയോഗിക്കുകയും ചെയ്തു. 1535-ൽ ചിത്തോർ ഉപരോധത്തിലായിരുന്നപ്പോൾ മേവാറിലെ ശിശുരാജാവായ ഉദയ് രാജകുമാരനെ ഇവിടെ കടത്തിക്കൊണ്ടുവന്നതാണ് ശ്രദ്ധേയമായ ഒരു സംഭവം. ഉദയ് രാജകുമാരൻ പിന്നീട് സിംഹാസനത്തിൽ എത്തി. നേരിട്ടുള്ള ആക്രമണത്തിന് കോട്ട അഭേദ്യമായി തുടർന്നു.

1457-ൽ ഗുജറാത്തിലെ അഹമ്മദ് ഷാ ഒന്നാമൻ കോട്ട ആക്രമിച്ചു, പക്ഷേ ആ ശ്രമം നിഷ്ഫലമായി. കോട്ടയിലെ ബൻമാതാ പ്രതിഷ്ഠ അതിനെ സംരക്ഷിച്ചുവെന്നും അതിനാൽ അദ്ദേഹം ക്ഷേത്രം നശിപ്പിച്ചുവെന്നും ഒരു പ്രാദേശിക വിശ്വാസം ഉണ്ടായിരുന്നു. 1458-59-ലും 1467-ലും മുഹമ്മദ് ഖിൽജിയുടെ തുടർശ്രമങ്ങൾ ഉണ്ടായി, പക്ഷേ അതും നിഷ്ഫലമായി. അക്ബറിന്റെ ജനറൽ, ഷഹബാസ് ഖാൻ 1577 ഒക്ടോബറിൽ ഈ കോട്ട ആക്രമിച്ചു, 6 മാസത്തെ ഉപരോധത്തിന് ശേഷം, 1577 ഏപ്രിലിൽ കോട്ട പിടിച്ചെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എന്നാൽ 1578-ൽ മഹാറാണാ പ്രതാപ് ഇത് തിരിച്ചുപിടിച്ചു. 1818-ൽ ബ്രിട്ടീഷുകാർ കോട്ട കീഴടക്കി, പിന്നീട് ഉദയപൂർ സംസ്ഥാനത്തിനു മടക്കി നൽകി. മേവാറിലെ മഹാറാണകൾ കോട്ടയിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിരുന്നുവെങ്കിലും മഹാറാണ കുംഭൻ നിർമ്മിച്ച യഥാർത്ഥ ഘടന നിലനിൽക്കുന്നു. അവിടത്തെ വാസയോഗ്യമായ കെട്ടിടങ്ങളും ക്ഷേത്രങ്ങളും നന്നായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

ആരവല്ലി പർവതനിരകളിൽ സമുദ്രനിരപ്പിൽ നിന്ന് 1,100 മീറ്റർ (3,600 അടി) ഉയരമുള്ള ഒരു കുന്നിൻ മുകളിൽ നിർമ്മിച്ച കുംഭൽഗഢിലെ കോട്ടയ്ക്ക് 36 കിലോമീറ്റർ (22 മൈൽ) ചുറ്റളവുണ്ട്, അത് ലോകത്തിലെ ഏറ്റവും നീളം കൂടിയ മതിലുകളിൽ ഒന്നാണ്. മുൻ വശത്തെ ചുവരുകൾക്ക് പതിനഞ്ചടി കനമുണ്ട്. കുംഭൽ ഗഢിൽ ഏഴ് ഉറപ്പുള്ള കവാടങ്ങളുണ്ട്. കോട്ടയ്ക്കുള്ളിൽ 70-ലധികം ജൈന, ഹിന്ദു ക്ഷേത്രങ്ങളുണ്ട്. കൊട്ടാരത്തിന്റെ മുകളിൽ നിന്ന് ആരവല്ലി പർവത നിരകളിലേക്ക് കിലോമീറ്ററുകളോളം കാണാൻ സാധിക്കും.

ആരെറ്റ് പോൾ (ആരെറ്റ് കവാടം) ആണ് കോട്ടയുടെ ആദ്യ പ്രവേശന കവാടം. പ്രവേശന കവാടത്തിൽ നിന്ന് താഴേക്കുള്ള ചരിവിലാണ് ഹല്ല പോൾ. ഹല്ല പോളിന് തൊട്ടുപിന്നാലെയാണ് ബാദ്ഷാഹി ബവ്ഡി, പടികളുള്ള ഒരു ടാങ്ക്, ഹനുമാൻ പോൾ. അടുത്ത കവാടം അഷ്ടകോണാകൃതിയിലുള്ള കൊത്തളങ്ങളുള്ള ഒരു ഇരുനില ഗേറ്റാണ്. മഹാറാണ കുംഭൻ കൊണ്ടുവന്ന, ഹനുമാൻ കവാടത്തിന് മുന്നിൽ സ്ഥിതിചെയ്യുന്ന ഹനുമാന്റെ ശിലാചിത്രത്തിൽ നിന്നാണ്

ആ ഗേറ്റിന് ഈ പേര് ലഭിച്ചത്. റാം പോൾ, കോട്ടയുടെ പ്രധാന കവാടമാണ്, കിഴക്കോട്ട് മറ്റൊരു കവാടമുണ്ട്, അതിനെ വിജയ് പോൾ എന്ന് വിളിക്കുന്നു. ഭൈരോൺ പോൾ, നിംബു പോൾ, ചൗഗൻ പോൾ, പഗ്ഡ പോൾ, ഗണേഷ് പോൾ എന്നിങ്ങനെ അഞ്ച് ഗേറ്റുകൾ കൂടിയുണ്ട്.

ഭൂപ്രകൃതിയുടെ പ്രത്യേകത, അപ്രാപ്യതയും ശത്രുവിന് അനുയോജ്യമല്ലാത്തതും, കോട്ടയ്ക്ക് അജയ്യതയുടെ പരിവേഷം നൽകുന്നു. യുദ്ധ കാലത്ത് ഇത് മേവാറിലെ ഭരണാധികാരികളുടെ ഒരു അഭയസ്ഥാനമായി ഭവിച്ചു. മേവാറിലെ ഇതിഹാസ രാജാവായ മഹാറാണ പ്രതാപിന്റെ ജന്മസ്ഥലമായതിനാൽ ജനങ്ങൾക്ക് അത് വളരെ വൈകാരിക പ്രാധാന്യമുള്ളതാണ്. നീണ്ടു നിൽക്കുന്ന ഉപരോധത്തെ ചെറുക്കാൻ എല്ലാ അർത്ഥ ത്തിലും കോട്ട സ്വയം സുരക്ഷിതമായിരുന്നു. കുടിവെള്ള ദൗർലഭ്യം കാരണം, മുഗൾ, ആംബർ എന്നിവരുടെ സംയുക്ത സൈന്യത്തിന് ഒരിക്കൽ മാത്രമേ അതിന്റെ പ്രതിരോധം തകർക്കാൻ കഴിഞ്ഞുള്ളൂ.

---

## സുഭാഷിതം -29

കഃ കാലഃ കാനി മിത്രാണി കോ ദേശഃ കോ വ്യയാഗമോ,
കസ്യാഹം കാ ച മേ ശക്തിരിതി ചിന്ത്യം മുഹുർമുഹുഃ ll
(ചാണക്യനീതി)

कः कालः कानि मित्राणि को देशः को व्ययागमोः।
कस्याहं का च मे शक्तिरिति चिन्त्यं मुहुर्मुहुः॥

**അർത്ഥം:** ജീവിതത്തിൽ, പ്രതിസന്ധി ഘട്ടങ്ങളിൽ, എന്ത് ചെയ്യണമെന്ന് ഒരു തീരുമാനം എടുക്കേണ്ടി വരുമ്പോൾ; അതുപോലെ ജോലി, ബിസിനസ്സ്, കുടുംബം, ആരോഗ്യം എന്നിങ്ങനെയുള്ള ഏത് കാര്യത്തിലും ഓരോ വ്യക്തിയും ഈ 5 കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം:

1. ഇപ്പോൾ എന്റെ സമയം എങ്ങനെയാണ്.
2. ആരാണ് എന്റെ സുഹൃത്തുക്കൾ, എന്നെ പിന്തുണയ്ക്കുന്ന ആളുകൾ (അതുപോലെ ശത്രുക്കളും), എത്രപേർ ഉണ്ട്....
3. തന്റെ രാജ്യം, താൻ താമസിക്കുന്ന സ്ഥലം, ജോലിചെയ്യുന്ന സ്ഥലം, എവിടെ നിൽക്കുന്നു....
4. എന്റെ വരുമാനം എത്ര, ഉറവിടം ഏത്, അതുപോലെ ചെലവ് എത്ര?....
5. എന്റെ ശക്തി, യോഗ്യത, കഴിവുകൾ (ബലഹീനത കളും) എന്താണ്...ഇത്രയും കാര്യങ്ങൾ, സ്വസ്ഥമായി, വികരങ്ങൾക്കധീനമാകാതെ, വിശദമായി ചിന്തിച്ച്, വിശകലനം ചെയ്ത ശേഷം മാത്രം തീരുമാനമെടുക്കണ മെന്നാണ് ചാണക്യൻ പറയുന്നത്.

---

# ഭഗവത് ഗീത – ഒന്നാം ആധ്യായം
# അർജ്ജുനവിഷാദയോഗം
# (ശ്ലോകം – 7–10)



അസ്മാകം തു വിശിഷ്ടാ യേ താൻ നിബോധ ദ്വിജോത്തമ!
നായകാ മമ സൈന്യസ്യ സംജ്ഞാർത്ഥം താൻ ബ്രവീമിതേ (7)

**അർത്ഥം:** ബ്രാഹ്മണശ്രേഷ്ഠ! ഇനി നമുക്കു വിശിഷ്ടന്മാരായി ആരോക്കെയുണ്ടോ അവരെ അറിഞ്ഞുകൊൾക. എന്റെ സൈന്യത്തിൽ നായകന്മാരായ അവരുടെ പേരുകൾ അങ്ങയെ ഓർമ്മിപ്പിക്കുവാനായി ഞാൻ പറയാം.

ഭവാൻഭീഷ്മശ്ച കർണശ്ച കൃപശ്ച സമിതിഞ്ജയഃ ।
അശ്വത്ഥാമാ വികർണശ്ച സൗമദത്തിസ്തഥൈവ ച ॥ 1–8

അന്യേ ച ബഹവഃ ശൂരാ മദർഥേ ത്യക്തജീവിതാഃ ।
നാനാശസ്ത്രപ്രഹരണാഃ സർവേ യുദ്ധവിശാരദാഃ ॥ 1–9

**അർത്ഥം:** ഭവാനും, ഭീഷ്മരും, കർണ്ണനും, ജയശാലിയായ കൃപരും, അശ്വത്ഥാമാവും, വികർണ്ണനും, ഭൂരിശ്രവസ്സും, ജയദ്രഥനും മറ്റനേകം ശൂരന്മാരും എനിക്കുവേണ്ടി ജീവനപേക്ഷിക്കാൻ സന്നദ്ധരാണ്. എല്ലാവരും പലവിധം ആയുധങ്ങൾ പ്രയോഗിക്കുന്നവരും യുദ്ധം ചെയ്യാൻ സമർത്ഥരുമാണ്

അപര്യാപ്തം തദസ്മാകം ബലം ഭീഷ്മാഭിരക്ഷിതം
പര്യാപ്തം ത്വിദമേതേഷാം ബലം ഭീമാഭിരക്ഷിതം (10)

**അർത്ഥം:** അതുകൊണ്ട് ഭീഷ്മരക്ഷിതമായ നമ്മുടെ സൈന്യം അപരിമിതമെങ്കിലും അപര്യാപ്തവും, ഭീമൻ രക്ഷിക്കുന്ന അവരുടെ സൈന്യം പരിമിതമെങ്കിലും പര്യാപ്തവും ആണ്.

------------------

# ക്വിസ് (വിജ്ഞാന പരീക്ഷ) – 14

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്ക വാട്സ്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

## ചോദ്യങ്ങൾ:

1. ഒരു വർഷത്തിൽ എത്ര ഋതുക്കൾ ഉണ്ട്?
2. പ്രസിദ്ധമായ "കടാസ് രാജ് ശിവക്ഷേത്രം" ഏത് രാജ്യത്താണ്?
3. യോഗശാസ്ത്രപ്രകാരം, അഹിംസ പരിശീലിക്കുന്നതിന്റെ പ്രയോജനം എന്താണ്?
4. ചന്ദനത്തിന് പ്രശസ്തി നേടിയ മലയഗിരി (മലയാചലം) ഏത് സംസ്ഥാനത്താണ്?
5. പ്രസിദ്ധ തമിഴ് ഗ്രന്ഥമായ തിരുക്കുറളിന്റെ രചയിതാവ് ആരാണ്?
6. എന്താണ് പാഞ്ചജന്യം?
7. പുഷ്കർ ക്ഷേത്രത്തിലെ ദേവൻ?
8. അനംഗൻ എന്നറിയപ്പെടുന്ന ദേവൻ?
9. 'തോടകാഷ്ടകം' ആർ, ആരെക്കുറിച്ച രചിച്ച സ്തുതിയാണ്?
10. വന്ദേമാതരം എഴുതിയത് ആരാണ്?

## ഉത്തരങ്ങൾ (കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾ)

(കഴിഞ്ഞ ലക്കം, AV062022 ലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

1. "വെങ്കടാചല"ത്തിലെ വെങ്കട്ട് എന്നതിന്റെ അർത്ഥം, പാപത്തെ നശിപ്പിക്കുന്ന അഗ്നി. 'വെൺ' എന്നാൽ പാപം, 'കട' എന്നാൽ തീ.
2. ശിവന്റെ 'ദക്ഷിണാമൂർത്തി' സ്വരൂപമാണ് വിജ്ഞാനവുമായി ബന്ധപ്പെട്ടിരിക്കുന്നത്.
3. അമൃതത്തിന്റെ അംശങ്ങൾ അടങ്ങിയിരിക്കുന്ന ചെടി/ ഇല– വെറ്റിലകൾ.
4. ലീലാവതി ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട ഗ്രന്ഥമാണ്.
5. കടലിനുമീതെ ലങ്കയിലേക്കുള്ള സേതുബന്ധനത്തിന്റെ നിർമാണത്തിൽ മുഖ്യ പങ്ക് വഹിച്ചത് വാനര സേനയിലെ നളൻ, നീലൻ എന്ന എഞ്ചിനീയർമാർ.
6. വിശ്വാമിത്രന്റെ തപസ്സ് മുടക്കിയ അപ്സരസ്സ് : മേനക.
7. പ്രപഞ്ചത്തിലെ ഊർജ്ജത്തിന്റെ പ്രാഥമിക രൂപം – താപ ഊർജ്ജം, അഗ്നി. മറ്റെല്ലാ തരത്തിലുള്ള

ഊർജ്ജങ്ങളും താപ ഊർജ്ജത്തിൽ നിന്നുത്ഭവിച്ചവയാണ്.

8. ശ്രീമദ് ഭാഗവതം എഴുതിയത് വേദവ്യാസൻ.
9. ശ്രീചക്രം ലളിതാപരമേശ്വരി ദേവതയുമായി ബന്ധപ്പെട്ടിരിക്കുന്നു.
10. ഭഗവത് ഗീതയുടെ വ്യാഖ്യാനം എഴുതിയ ഇന്ത്യൻ രാഷ്ട്രപതി – ഡോ.എസ്.രാധാകൃഷ്ണൻ.

മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ: ആരുമില്ല

——————————————————————

## വാർത്തകൾ

- ഇന്ന്, 2022 ജൂലൈ 06, സ്വാമി അയ്യപ്പന്റെ ജന്മനക്ഷത്രമായ ഉത്രം. ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ നിർദ്ദേശ പ്രകാരം ലോകം മുഴുവനും ഉള്ള അയ്യപ്പ ഭക്തർ ഇന്നേ ദിവസം വൈകുന്നേരം സ്വന്തം വീടുകളിലും, അടുത്തുള്ള ക്ഷേത്രങ്ങളിലും ദീപാരാധനയോടു കൂടി "ഉത്രം പൂജ" നടത്തുന്നു,
- ശ്രീമതി. ബാലാമണിയമ്മ, 82 വയസ്സ്, (ഹരിവരാസനം രചയിതാവ് സ്വർഗീയ കോന്നകത്ത് ജാനകിയമ്മയുടെ മകൾ), ആലപ്പുഴ ജില്ലയിലെ തുറവൂരിൽ താമസം, ജൂൺ 20ന്ന വിഷ്ണുപദം പൂകി. ശബരിമല അയ്യപ്പസേവാ സമാജം ദേശീയ, സംസ്ഥാന ഭാരവാഹികൾ വീട് സന്ദർശിച്ച് അനുശോചനം അറിയിച്ചു, ശ്രദ്ധാഞ്ജലി അർപ്പിച്ചു.

ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ കേരള സംസ്ഥാന സമിതി ചെയർമാനായി റിട്ട. ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ, വർക്കിങ് ചെയർമാൻ – ശ്രീ. വിശ്വരൂപൻ (ജനം ടി വി) അവർകളും നാമനിർദ്ദേശം ചെയ്യപ്പെട്ടു.

സംപൂജ്യ സ്വാമി ചിദാനന്ദപുരി, കൊളത്തൂർ അദ്വൈതാശ്രമം, കോഴിക്കോട്; സംപൂജ്യ സ്വാമി വിവിക്താനന്ദ, ചിന്മയ മിഷൻ, തുടങ്ങിയ ആധ്യാത്മിക ആചാര്യന്മാർ, വിശിഷ്ട വ്യക്തികൾ ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ആദരണീയ മഹദ് വ്യക്തികളുടെ രക്ഷാകർതൃത്ത്വത്തിലും മാർഗനിർദേശത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതാകും.

ആഘോഷസമിതിയുടെ ജനറൽ കൺവീനറായി സ്വാമി അയ്യപ്പദാസ്; ജോയിന്റ് ജനറൽ കൺവീനർമാരായി ശ്രീ. എം.കെ. അരവിന്ദാക്ഷൻ, ശ്രീ. മുരളി കോളങ്ങാട് എന്നിവരെയും തീരുമാനിച്ചിരിക്കുന്നു.

എറണാകുളം കലൂർ പാവക്കുളം മഹാദേവ ക്ഷേത്രം ഓഡിറ്റോറിയത്തിൽ വെച്ച്, ശബരിമല അയ്യപ്പ സേവാ സമാജം, വിവിധ ഹൈന്ദവ, സാമൂഹ്യ സംഘടനകൾക്കൊപ്പം ഇന്ന് സംഘടിപ്പിച്ച മഹത്തായ ഉദ്ഘാടന

യോഗത്തിൽ, SASS സംസ്ഥാന അധ്യക്ഷൻ ബ്രഹ്മശ്രീ അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട് അധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട റിട്ട.ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ യോഗം ഉദ്ഘാടനം ചെയ്തു. പൂജ്യ സ്വാമി ദർശനാനന്ദജി, റിട്ട. ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ എന്നിവർ ചേർന്ന് ദീപപ്രജ്വാലനം നടത്തി, അനുഗ്രഹ പ്രഭാഷണം നടത്തുകയുണ്ടായി. സ്വാമി അയ്യപ്പദാസ്, ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ പ്രാധാന്യവും, പ്രസക്തിയും വിശദീകരിച്ചു. ഹരിവരാസനം ശതാബ്ദി ആഘോഷ ദേശീയ സമിതി ജനറൽ കൺവീനർ ശ്രീ ഈറോഡ് രാജൻ, സംസ്ഥാന സമിതി ഭാരവാഹികളെ പ്രഖ്യാപിച്ച് പരിചയപ്പെടുത്തി.

ശ്രീ. എസ്. ജെ ആർ. കുമാർ (SASS ദേശീയ ഉപാധ്യക്ഷൻ), ശ്രീ. വിശ്വരൂപൻ (ജനം ടി വി) എന്നിവർ ആശംസകൾ നേർന്ന് പ്രസംഗിച്ചു. സമാജത്തിന്റെ ദേശീയ ഭാരവാഹികളായ ശ്രീ. വി. കെ. വിശ്വനാഥൻ, ശ്രീ വിനോദ്കുമാർ, ശ്രീ പി. ഷണ്മുഖാനന്ദൻ എന്നിവരും, ശബരിമലയിലെ മുൻ മേൽശാന്തിമാരായ ബ്രഹ്മശ്രീ വിഷ്ണു വാസുദേവൻ നമ്പൂതിരി, മനോജ് എംബ്രാന്തിരി, അമ്പലപ്പുഴ, ആലങ്ങാട് യോഗം പെരിയോന്മാർ എന്നിവരും വേദിയിൽ ഉപവിഷ്ടരായിരുന്നു, പ്രശസ്ത സിനിമ പിന്നണി ഗായകൻ ശ്രീ. സന്നിധാനന്ദൻ സ്വന്തം അനുഭവങ്ങൾ വിവരിച്ച് കൊണ്ട് ചില ഭക്തിഗാനങ്ങളും, അവസാനം ഹരിവരാസനവും ശ്രുതി മധുരമായി ആലപിച്ചു കൊണ്ട് അന്തരീക്ഷം ഭക്തിമയമാക്കി.

തദവസരത്തിൽ, SASS ന്റെ ആഭിമുഖ്യത്തിൽ, ശബരിമലയുടെ യഥാർത്ഥ ചരിത്രം വിശദീകരിച്ചു കൊണ്ട് നിർമ്മിക്കുന്ന **"തത്വമസിപ്പൊരുൾ"** എന്ന ഹ്രസ്വചിത്രത്തിന്റെ ആമുഖമായുള്ള ടീസറിന്റെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടു.

SASS-ന്റെ പ്രാർത്ഥനാഗാനം കുമാരി ആര്യ ആലപിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. അമ്പോറ്റി കോഴഞ്ചേരി വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു. സംസ്ഥാന ജോയിന്റ് ജനറൽ സെക്രട്ടറി ശ്രീ. മുരളി കോളങ്ങാട് നന്ദി പറഞ്ഞു.

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ., കേരളം - 680010, നിന്ന് നാഷണൽ അഡ്മിൻ സെക്രട്ടറി ശ്രീ പി ഷണ്മുഖാനന്ദൻ പ്രസിദ്ധീകരിക്കുന്നത്